ഖുത്വ്ബ നമ്പർ
16
20-04-2012

بسم الله الرحمن الرحيم ○ نحمده ونصلي على رسوله الكريم ○ وعلى عبده المسيح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایدہ اللہ تعالیٰ بنصرہ العزیز
വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം



# സഹാബിമാരുടെ സ്ഥിരചിത്തത

ഇന്നും ഞാൻ സഹാബാക്കളുടെ ഏതാനും സംഭവങ്ങൾ കേൾപ്പിക്കുന്നതാണ്. അതിൽ ഏറ്റവും ആദ്യത്തിൽ അവരുടെ സ്ഥിരചിത്തത പ്രകടമാകുന്ന സംഭവങ്ങളാണ്.

ഹ:മിയാൻ അബ്ദുല്ല ഖാൻ സാഹിബ് ഇദ്ദേഹം ഹ:മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തിൽ തന്നെ ബൈഅത്ത് ചെയ്തിരുന്നു. എന്നാൽ മസീഹ് മൗഊദ് (അ)നെ കണ്ടിരുന്നില്ല. അദ്ദേഹം വിവരിക്കുന്നു. സഫർവാൽ താലൂക്കിൽ പ്ലേഗ് പടർന്നുപിടിച്ച വർഷം ഞാൻ പ്ലേഗ് ക്ലാർക്കായികൊണ്ട് സിയാൽകോട്ടിൽ നിന്ന് സഫർവാലിൽ ചെന്നു. തൽവണ്ടി ഇനായത്ത് ഖാൻ നിവാസിയായ ചൗധരി മുഹമ്മദ് ഹുസൈൻ സാഹിബ് എന്നോട് ചോദിച്ചു. താങ്കൾ ഹ: ഈസാ(അ) ആകാശത്ത് ജീവിച്ചിരിക്കുന്നു എന്ന് വിശ്വസിക്കുന്നുണ്ടോ? ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറഞ്ഞു ഇല്ല. എന്റെ ഹൃദയത്തിൽ യാതൊരു വിദ്വേഷവും ഉണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞു. ഹ: മസീഹ് മൗഊദ് (അ) ഹ: മിർസാ ഗുലാം ഖാദിയാനി വരാനിരിക്കുന്ന മസീഹ് താനാണെന്ന് വാദിച്ചിട്ടുണ്ട്. ബനീ ഇസ്റായിൽകാരനായ മസീഹ് വഫാത്തായിരിക്കുന്നു. ഞാൻ മസീഹ് മൗഊദിനെ നബിയായി അംഗീകരിച്ചുകൊണ്ട് അപ്പോൾ തന്നെ ബൈഅത്തിന്റെ കത്തെഴുതി. പിന്നീട് ഞാൻ ജോലി സംബന്ധമായി കറാച്ചിയിലും ശേഷം ആഫ്രിക്കയിലും പോയി. എന്റെ പിതാവ് അനഹ്മദിയായിരുന്നു. ബൈഅത്ത് ചെയ്ത സമയത്ത് അദ്ദേഹം ഒരു വിരോധിയേ ആയിരുന്നില്ല. എന്നാൽ പ്രദേശത്തെ വഹാബികളുടെ തലവനായിരുന്നു. 1911-ൽ താങ്കളുടെ മകൻ മിർസായി ആയിരിക്കുന്നു എന്നു പറഞ്ഞ് ജനങ്ങൾ അദ്ദേഹത്തെ പ്രകോപിപ്പിച്ചു. അദ്ദേഹം എനിക്ക് ആഫ്രിക്കയിലേക്ക് കത്തെഴുതി. ഹ: മസീഹ് മൗഊദ്(അ)നെ എന്റെ വാക്കുകളിൽ ഇങ്ങനെ പറയണം. (അദ്ദേഹം എഴുതിയ വാക്കുകളിൽ) അഥവാ നീ ഇപ്രകാരം പറയുന്നില്ല എങ്കിൽ ഞാൻ നിന്നെ എന്റെ സ്വത്തിൽ നിന്ന് ഒഴിവാക്കും. പറയുന്നു: അക്കാലത്ത് ഞാൻ കെനിയയിലെ പുൽത്താൻ മഹ്സൂദ് സ്റ്റേഷൻ മാസ്റ്ററായിരുന്നു. എട്ട് പത്ത് ദിവസം ഞാൻ കത്ത് എന്റെ പക്കൽതന്നെ വെച്ചു. ഒരു ദിവസം രാത്രി ഇശാ നമസ്ക്കാരത്തിന് ശേഷം ഭാര്യയോട് അതിനെക്കുറിച്ച് പറഞ്ഞു. ഭാര്യ എഴുത്തും വായനയും ഒന്നും അറിയാത്തവളായിരുന്നു. അവൾ പറഞ്ഞു: ഇവർ ഹ: മസീഹ് മൗഊദ്(അ) നെ മഹ്ദിയായി അംഗീകരിക്കാൻ തയ്യാറല്ല. എങ്കിൽ നമ്മോട് ചീത്തപറയാൻ എന്തിനാണ് പറയുന്നത്. അല്ലാഹു നമുക്ക് വേണ്ട സംവിധാനം മുമ്പു തന്നെ ഒരുക്കിവെച്ചിട്ടുണ്ട്. (അതായത് ജീവിതമാർഗ്ഗം നൽകിയിരിക്കുന്നു) ആ കാര്യത്തെക്കുറിച്ച് അവർക്ക് ഒരു വ്യാകുലതയും ഉണ്ടായിരുന്നില്ല. ഞങ്ങൾ അപ്രകാരം പ്രവർത്തിക്കാൻ തയ്യാറല്ല എന്ന് താങ്കൾ എഴുതിയാലും. സ്വത്തിൽ നിന്നും ഞങ്ങളെ നിസംശയം ഒഴിവാക്കിയാലും. ഞാൻ അപ്രകാരം എഴുതി. എന്റെ പിതാവ് മറുപടി അയച്ചു. നീ എന്റെ ഏകമകനാണ്, നീ തന്നെയാണ് എന്റെ അനന്തരാവകാശി. ഞാൻ ജനങ്ങൾ പ്രകോപിപ്പിച്ചത് കൊണ്ടാണ് അപ്രകാരം എഴുതിയത്. എന്നാൽ അതെ മറുപടി തന്നെ ലഭിച്ചു. ഞാൻ അവധിയിൽ വന്നപ്പോൾ ഏകദേശം 9 മണി ആയിട്ടുണ്ടാവും. ഞാനും സഹോദരൻ മുഹമ്മദ് ഹുസൈൻ സാഹിബും സഹോദരൻ മുഹമ്മദ് ആലം സാഹിബ് മർഹൂമും പിതാവുമായി ചർച്ച നടത്തി കൊണ്ടിരിക്കുകയായിരുന്നു. സംഭാഷണം ചൂട് പിടിച്ചിരുന്നു. എന്റെ പിതാവ് പറഞ്ഞു. മിർസാ സാഹിബ് സിയാൽ കോട്ടിൽ ജോലി ചെയ്യുന്ന കാലം മുതൽക്ക് തന്നെ അദ്ദേഹത്തെ ഞാനറിയും. ഞാൻ അദ്ദേഹത്തെ കാണാറുണ്ടായിരുന്നു. അദ്ദേഹം വളരെ നല്ല മനുഷ്യനായിരുന്നു. എന്റെ മുമ്പിൽ വെച്ച് സിയാൽ കോട്ടിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള ഏതോ ഗ്രാമത്തിൽ താമസിക്കുന്ന ഒരു മുസ്ലിം മുൻശി അദ്ദേഹത്തിന്റെ അടുത്തുവന്നു. എന്നിട്ട് മിർസാ സാഹിബിനോട് പറഞ്ഞു- ഹ: മസീഹ് മൗഊദ് (അ)നോട്- മിർസാജീ, വരാനിരിക്കുന്ന മസീഹ് താങ്കളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അന്ന് മിർസാ സാഹിബിന്റെ പ്രായം 20 ഓ 22 ഓ ആയിരുന്നു. എന്റെ പ്രായവും അത്ര തന്നെയായിരുന്നു. പറയുന്നു, എന്റെ പിതാവിന്റെ നാവിൽ നിന്ന് ഈ വാക്കുകൾ വന്ന ഉടനെ തന്നെ എന്റെ പിതാവിനോട് ഞാൻ പറഞ്ഞു, താങ്കളുടെ മുന്നിൽ വെച്ച് ആ സെമീൻദാറുടെ നാവിൽ നിന്ന് ഹ: മസീഹ് മൗഊദിനെക്കുറിച്ച് അത്തരത്തിലുള്ള വാക്കുകൾ ഉണ്ടായി എന്നത് താങ്കൾക്കായി അല്ലാഹു സ്ഥാപിതമാക്കിയ ഹുജ്ജത്താണ്. എന്നാൽ പിതാവ് പറഞ്ഞു, മിർസാ സാഹിബ് സത്യവാനാണെങ്കിലും ഞാൻ വിശ്വസിക്കുകയില്ല. അപ്പോൾ ഞാൻ ഇസ്തിഗ്ഫാർ ചൊല്ലിക്കൊണ്ട് എഴുന്നേറ്റുപോയി.

അടുത്ത രിവായത്ത് ശേഖ് അബ്ദുറഷീദ് സാഹിബിന്റെതാണ്. വിവരിക്കുന്നു, മൗലവി മുഹമ്മദലി ലൂപ്ടി ബട്ടാലയിൽ വന്നിരിക്കുകയായിരുന്നു. ഞങ്ങളുടെ വീട്ടിലാണ് അയാൾ താമസിച്ചിരുന്നത്. എന്റെ മാതാപിതാക്കൾ എന്നെ വീട്ടിൽ നിന്ന് പുറത്താക്കിയിരിക്കുകയായിരുന്നു. ഒരു ദിവസം എന്റെ പിതാവിന്റെ സുഹൃത്തായ മഹ്റുന്ദു (മെഹ്റന്ദു എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്) എന്റെ അടുത്ത് വീണ്ടും വന്നിട്ട് പറഞ്ഞു, എന്റെ കൂടെ വന്നാലും. മൗലവി മുഹമ്മദലിയുമായി സംസാരിക്കാം. ഞങ്ങൾക്കും മനസ്സിലാകട്ടെ നീ എന്താണ് പറയുന്നതെന്ന്. അനഹ്മദിയായ മുഹമ്മദലിയെ അദ്ദേഹത്തെ കൊണ്ട് നേരിടീപ്പിക്കാനായിരുന്നു; അദ്ദേഹം എന്താണ് പറയുന്നത് എന്ന് നോക്കുക എന്ന് പറഞ്ഞത്. ആ കാലത്ത് എനിക്ക് വലിയ ആവേശമായിരുന്നു. ഞാൻ ഉടനെ തന്നെ അദ്ദേഹത്തോടൊപ്പം മൗലവി മുഹമ്മദലി സാഹിബിന്റെ അടുത്ത് പോയി. അദ്ദേഹത്തിന്റെ മുന്നിലെത്തിയപ്പോൾ മൗലവി സാഹിബ് പറഞ്ഞു, മെഹ്റുന്ദു ഈ കാഫിറിനെ എന്റെ അടുത്ത് എന്തിനാണ് കൊണ്ടുവന്നത്. മെഹ്റുന്ദുവിന് ഈ കാര്യം വളരെ അനുചിതമായി തോന്നി. ഞാൻ ഇദ്ദേഹത്തിന് തെളിവുകൾ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നു. മെഹറന്ദു എന്റെ വാക്കുകളെ പിന്താങ്ങി. മൗലവി സാഹിബ്, താങ്കൾക്ക് ഈ കുട്ടിയെ മനസ്സിലാക്കികൊടുക്കാൻ സാധിക്കില്ല എങ്കിൽ മറ്റ് മിർസായികൾക്ക് താങ്കൾ എന്ത് മനസ്സിലാക്കി കൊടുക്കും. ഈ കുട്ടിക്ക് മന

സ്സിലാക്കാൻ സാധ്യമല്ല എങ്കിൽ മറ്റുള്ളവർ എന്ത് മനസ്സിലാക്കും. ഈ കാര്യം പറഞ്ഞപ്പോൾ **കയ്ഫ അൻത്തും ഇദാ നസല ഇബ്നു മർയമ ഫീക്കും** എന്ന ഹദീസ് വായിക്കാൻ തുടങ്ങി. എന്നിട്ട് സ്വയം അതിന്റെ വിശദീകരണം നൽകാൻ തുടങ്ങി. ഒരുപാട് സമയം എടുത്തപ്പോൾ ഞാൻ പറഞ്ഞു. എന്റെ വാക്കുകളും കേൾക്കുക. ഈ ഹദീസിന്റെ വാക്കുകളിൽ നിന്നും ഇത് വ്യാഖ്യാനിക്കേണ്ടതാണെന്ന് വ്യക്തമാണ്. പിന്നീട് ഞാൻ ആ ഹദീസിന്റെ ന്യൂനത വിവരിക്കാൻ തുടങ്ങി. ഇത് കേട്ട് അയാൾ ഒതുങ്ങിപ്പോയി. ബുഖാരിയിലും, മുസ്‌ലിമിലും, മുസ്നദ് അഹ്മദിലും ഉള്ള ഹദീസിന്റെ വാക്കുകൾ ഇപ്രകാരമാണ്. ഹ: അബൂഹുറൈറ നിവേദനം ചെയ്യുന്നു. **കയ്ഫ അൻത്തും ഇദാ നസല ഇബ്നു മർയമ ഫീക്കും വ ഇമാമുക്കും മിൻക്കും** ,ചില രിവായത്തുകൾ ഫ അമ്മക്കും മിൻക്കും എന്നുമുണ്ട്. നിങ്ങളുടെ ഇമാമായികൊണ്ട് നിങ്ങളിൽ നിന്ന് ഇബ്നുമറിയം ആഗതനാകുമ്പോൾ നിങ്ങളുടെ അവസ്ഥ എത്രമാത്രം ദയനീയമായിരിക്കും. മറ്റൊരു രിവായത്തിൽ, നിങ്ങളിൽ നിന്നായതിനാൽ നിങ്ങൾക്ക് ഇമാമത്ത് വഹിക്കുന്നതായിരിക്കും എന്നുമുണ്ട്. ഈ ഹദീസ് ആ മൗലവി അവതരിപ്പിച്ചു. എന്നാൽ ഞാൻ അയാളോട് പറഞ്ഞു. താങ്കൾ ചെയ്യുന്ന വ്യാഖ്യാനം തെറ്റാണ്. പിന്നീട് ഞാൻ വിശുദ്ധഖുർആനിലെ ആയത്തായ وَمَا مُحَمَّدٌ اِلَّا رَسُوْلٌ അതിനു ശേഷം مَا الْمَسِيْحُ ابْنُ مَرْيَمَ اِلَّا رَسُوْلٌ എന്നീ ആയത്തുകൾ കേൾപ്പിച്ചു. പിന്നീട് **ഫ അകൂലൂ കമാ കാല അബ്ദു സാലിഹ്** എന്ന ഹദീസ് കേൾപ്പിച്ചു. ഇതും ദീർഘമായ ഒരു ഹദീസാണ്. എന്നാൽ അതിന്റെ വിശദമായ വ്യാഖ്യാനം വിവരിച്ചു. അയാൾ ഒരുപാട് ബുദ്ധിമുട്ടി ദേഷ്യം കൊണ്ട് വീർപ്പുമുട്ടി. മെഹറന്ദുവിനെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു. ഞാൻ നിന്നോട് പറഞ്ഞിരുന്നില്ലെ? ഇവർ ശരിയാവുകയില്ല എന്ന്. ഈ മിർസായികൾ വളരെ കഠിന ഹൃദയരും ദുസ്വഭാവികളുമാണ്. ഇനി ഞാൻ ഒന്നും തന്നെ പറയുന്നില്ല. അങ്ങനെ മെഹറന്ദു വളരെ അധികം ലജ്ജിതനായി. നാണക്കേടിന്റെ അവസ്ഥ അദ്ദേഹത്തിന്റെ മുഖത്ത് പ്രകടമായിരുന്നു. കാരണം ഈ മൗലവിയിൽ നിന്ന് ബുദ്ധിക്ക് യോജിക്കുന്ന എന്തെങ്കിലും മറുപടിയോ, എനിക്ക് പൂർണ്ണമായി ഒരു സന്ദേശമോ ലഭിച്ചിരുന്നില്ല. എന്തായിരുന്നാലും ഞങ്ങൾ എഴുന്നേറ്റുപോന്നു. എന്റെ പിതാവിന്റെ മുന്നിൽ മെഹറന്ദു വിവരിച്ചു. മൗലവി മുഹമ്മദലിക്ക് അബ്ദുറഷീദിന് വേണ്ടവിധം മനസ്സിലാക്കി കൊടുക്കാൻ സാധിച്ചിട്ടില്ല. മൗലവി വളരെ ദേഷ്യത്തിലായിരുന്നു. കുട്ടിയാണ് അതുകൊണ്ട് മനസ്സിലാകും. എന്നാൽ ഇതു വരെയ്ക്കും ഇവരുടെ അവസ്ഥ ഇതു തന്നെയാണ്. മൗലവിമാരുടെ അടുത്തുള്ള അറിവ് നമ്മുടെ കുട്ടികളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അറിവുള്ളവരാണ്. അവരുടെ അറിവ് ഈ മൗലവിമാരെക്കാൾ വളരെക്കൂടുതലാണ്. അവർക്ക് കുട്ടികളുടെ വായടപ്പിക്കാൻപ്പോലും സാധ്യമല്ല. എന്നാൽ വിമുഖതയ്ക്ക് യാതൊരു ചികിത്സയും ഇല്ല. സാഖിബ് സർവി സാഹിബ് എഴുതിയ ഒരുകാര്യം എനിക്ക് ഓർമ്മവരുന്നു. ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പ് അത്താവുല്ലാശാഹ് ബുഖാരി എന്ന ഒരു മൗലവി ഉണ്ടായിരുന്നു. അയാൾ ഒരിക്കൽ പ്രസംഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിചാരിതമായി ഞാൻ ആ പ്രദേശത്ത് ഉണ്ടായിരുന്നു. അതുകൊണ്ട് എന്റെ ചെവിയിലും അയാളുടെ ശബ്ദം പതിച്ചു. മൗലവി സാഹിബ് പറഞ്ഞു അത്താവുല്ലാഹ് ശാഹ് ബുഖാരി വലിയ പണ്ഡിതനായിരുന്നു. മീർസാ സാഹിബ് സത്യവാനാണെന്ന് അല്ലാഹു വന്ന് പറഞ്ഞാലും ഞാൻ വിശ്വസിക്കുകയില്ല. ഇതാണ് ഇവരുടെ വിശ്വാസത്തിന്റെ അവസ്ഥ.

ഹ:മൗലാനാ അബുൽ ഹസ്സൻ സാഹിബിന്റെ മറ്റൊരു രിവായത്ത് അലി മുഹമ്മദ് സാഹിബ് ഇപ്രകാരം വിവരിക്കുന്നു. അദ്ദേഹം സമുന്നതനായ ഒരു പണ്ഡിതനായിരുന്നു. ഹ: മസീഹ് മൗഊദ് (അ) ന്റെ പേരും സന്ദേശവും സേരാഖാൻ ജില്ലയിൽ അദ്ദേഹത്തിലൂടെയാണ് എത്തിയത്. എതിരാളികൾ അദ്ദേഹത്തെ ഒരുപാട് ബുദ്ധിമുട്ടിച്ചു. എന്നാൽ അദ്ദേഹം അങ്ങേയറ്റത്തെ സ്ഥിരചിത്തത കാണിച്ചു. എതിർപ്പിനെ ഒരിക്കലും തന്നെ വകവെച്ചില്ല. എല്ലായിപ്പോഴും തബ്‌ലീഗ് ചെയ്ത്കൊണ്ടിരുന്നു. ബുദ്ധിമുട്ടുകൾ ഏറ്റുവാങ്ങികൊണ്ടിരുന്നു.

ഹ: ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി പറയുന്നു. ഒരിക്കൽ ഞാൻ വളരെയധികം പരവശനായി കൊണ്ടും എതിരാളികളാൽ വളരെയധികം പീഢിതനായികൊണ്ടും ഖാദിയാനിൽ എത്തി. അപ്പോൾ ഹുസൂർ ചോദിച്ചു, ഹാഫിസ് സാഹിബ് താങ്കൾ എന്തുകൊണ്ടാണ് പരവശനായിരിക്കുന്നത്? ആ സമയത്ത് ഹുസൂറിന്റെ അനുകമ്പാ പ്രകടനത്തിൽനിന്ന് ഹുസൂർ എന്നെ സാമ്പത്തികമായി സഹായിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്ന് വ്യക്തമായിരുന്നു. എന്നാൽ ഞാൻ ഈ ഉദ്ദേശ്യത്തോടെയല്ല ഹ: മസീഹ് മൗഊദ് (അ) ന്റെ സമക്ഷത്തിൽ വന്നിരുന്നത്. എന്റെ ഹൃദയം തൃപ്തിയാകണം. എതിരാളികളുടെ എതിർപ്പുമൂലം ഹൃദയം വ്യാകുലമാകാൻ പാടില്ല എന്നതായിരുന്നു ഉദ്ദേശ്യം. കാരണം നബിയോടൊപ്പമുള്ള സഹവാസം മൂലം മനുഷ്യൻ ഒരു ശക്തിനേടുന്നു. അദ്ദേഹത്തിന്റെ വിശുദ്ധീകരിക്കാനുള്ള ശക്തികൊണ്ട് അല്ലാഹു ഒരു ശക്തി നൽകുന്നു. ഏതായിരുന്നാലും, പറയുന്നു ഞാൻ എന്റെ ഹൃദയത്തെ ദൃഢമാക്കുന്നതിനായിട്ടായിരുന്നു ഹ: മസീഹ് മൗഊദ്(അ)ന്റെ സമക്ഷത്തിൽ ഹാജരായത്. പറയുന്നു, ദൈവനിയോഗിതരുടെ അടുക്കൽ അവരിൽ നിന്ന് പണം നേടുന്നതിന്നായി പോകരുത്. മറിച്ച് തൗഫീഖനുസരിച്ച് അവരുടെ സമക്ഷത്തിൽ എന്തെങ്കിലും ഉപഹാരം നൽകുകയാണ് വേണ്ടത്. ഹുസൂർ എനിക്കായി ഒരുപാട് ദുആ ചെയ്തു. ഒരുപാട് ആശ്വാസദായകമായ ഉപദേശങ്ങൾ കൊണ്ട് തൃപ്തനാക്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹുസൂറിന്റെ സത്യസാക്ഷ്യത്തെക്കുറിച്ച് ഒരു മിനിറ്റ് പോലും ഏതെങ്കിലും വിധത്തിലുള്ള ഒരു സംശയവും എനിക്ക് ഉണ്ടായിട്ടില്ല.

ഹ: ബാബു അബ്ദുറഹ്മാൻ സാഹിബ് പറയുന്നു. എന്റെ സന്യാസ പ്രകൃതം കൊണ്ട് എന്റെ എല്ലാ ബന്ധുക്കളും, സുഹൃത്തുക്കളും, മുഹല്ലയിലെ എല്ലാ ആളുകളും, പട്ടണവാസികളും എന്നിൽ വളരെയധികം തൃപ്തരായിരുന്നു. എന്നെ പ്രശംസിക്കാറുണ്ടായിരുന്നു. എന്നാൽ ബൈഅത്തിന്റെ വാർത്ത കേട്ട് പിതൃകുടുംബത്തിൽപെട്ട ബന്ധുക്കളൊഴികെ മറ്റ് എല്ലാ ബന്ധുക്കളും – കാരണം പിതൃകുടുംബത്തിലെ എല്ലാവരും എന്നോടൊപ്പം ബൈഅത്തിൽ പങ്കാളികളായിരുന്നു – സുഹൃത്തുകളും, അയൽവാസികളും അടിമേൽ മറിഞ്ഞു ശത്രുക്കളായി തീർന്നു. പ്രവാചകന്മാരുടെ ജമാഅത്തിനോടും നബിമാരോടും ഈ വിധത്തിലുള്ള പെരുമാറ്റം തന്നെയായിരിക്കും ഉണ്ടാകുക. എല്ലാവരും ശത്രുക്കളായി തീരുന്നു. പ്രശംസിച്ച് കൊണ്ടിരുന്നവർ തന്നെ ശത്രുക്കളായി തീരുന്നു. മറിച്ച് വളരെ നല്ല മനുഷ്യനാണ് എന്ന് അംഗീകരിക്കുന്നു. ശേഖ് മുഹമ്മദ് അഹ്മദ് സാഹിബ് മൻഹയെക്കുറിച്ച് ഞാൻ മുമ്പ് ഒരിക്കൽ വിവരിച്ചിട്ടുണ്ട്. ഒരിക്കൽ ഞാൻ ഫൈസലാബാദിലെ ഗ്രാമത്തിൽ പോയി. അവിടെ ഒരുപാട് അനഹ്മദികൾ ഉണ്ടായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഒരുപാട് പ്രശംസിച്ച് പറഞ്ഞു. ഇത്രമാത്രം നല്ല മുത്തഖിയായ ദയഭക്തിയുള്ള സത്യം പറയുന്ന ഒരു വ്യക്തിയെ ഞങ്ങൾ കണ്ടിട്ടില്ല. എന്നാൽ അദ്ദേഹത്തിൽ ഒരു ന്യൂനതയുണ്ട്. അത് അദ്ദേഹം ഖാദിയാനിയാണ് എന്നതാണ്. ഇതാണ് അവർക്ക് കാണാൻ കഴിയുന്ന വലിയ ന്യൂനത. എന്തായിരുന്നാലും ഇദ്ദേഹം പറയുന്നു.

എല്ലാവരും എന്റെ ശത്രുക്കളായി വിവിധതരത്തിൽ ബുദ്ധിമുട്ടിക്കാൻ തുടങ്ങി. പീഢിപ്പിക്കാൻ വേണ്ടി തക്കംപാർത്തിരുന്നു. ഇടയ്ക്ക് പഞ്ചായത്ത് കൂടി വെള്ളവും മറ്റും തടഞ്ഞുവെച്ചു. ഇടയ്ക്ക് മൗലവിമാരെ കൊണ്ട്വന്ന് നമുക്കെതിരെ പ്രസംഗങ്ങൾ നടത്തിച്ചുകൊണ്ടിരുന്നു. സുഹൃത്തുക്കളെയും ബന്ധുക്കളെയും നമുക്കെതിരിൽ പ്രകോപിപ്പിച്ചു

കൊണ്ടിരുന്നു. ഒരു പാൽക്കച്ചവടക്കാരനായ കടക്കാരൻ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. അദ്ദേഹത്തിൽ നിന്ന് പാലു വാങ്ങുന്നത് നിർത്തലാക്കി. തൊഴിലാഴികളെകൊണ്ട് ജോലി ചെയ്യിപ്പിക്കുന്നത് നിർത്തലാക്കി. ബന്ധവും സംസാരവും അവസാനിപ്പിച്ചു. ആരെങ്കിലും ഏതെങ്കിലും അഹ്മദിയുടെ വീടിന്റെ താഴ്ഭാഗത്ത്കൂടി കടന്നുപോയാലും കാഫിറാകും എന്ന് ജനങ്ങളെ ഉപദേശിക്കാറുണ്ടായിരുന്നു. അല്ലാഹുവിന്റെ ശക്തി പ്രഭാവം നോക്കുക. അല്ലാഹു എപ്രകാരമാണ് പകരം വീട്ടുന്നത്. ഇങ്ങനെ ഉപദേശിക്കുന്ന മൗലവി തന്നെ എന്റെ വീട്ടിൽ വന്ന് ഭക്ഷണം കഴിക്കുമായിരുന്നു. അഥവാ പ്രവർത്തി ഒന്ന് ഉപദേശം മറ്റൊന്ന്. മൗലവിയുടെ ഈ പ്രവർത്തി കണ്ട് ജനങ്ങൾ ഒരുപാട് ലജ്ജിതരായി. പറയുന്നു, ബൈഅത്ത് ചെയ്തതിനുശേഷം ഞങ്ങൾ അനഹ്മദി ഇമാമിന്റെ പിന്നിൽ നമസ്കരിക്കുന്നത് ഉപേക്ഷിച്ചിരുന്നു. ഒന്നുകിൽ ഒറ്റക്ക് നമസ്ക്കരിക്കുമായിരുന്നു. അല്ലെങ്കിൽ ഞങ്ങളിൽ നിന്ന് ആരെയെങ്കിലും ഇമാമാക്കുമായിരുന്നു. ഇതു കണ്ടപ്പോൾ മഹല്ലയിൽ കുഴപ്പവും കലഹവും ഉണ്ടാകാൻ തുടങ്ങി. ഞങ്ങൾ കുഴപ്പം ഒഴിവാക്കുന്നതിനായി നമ്മുടെ ഇമാമിനെ നിർത്തികൊണ്ട് പള്ളിയിൽ നടത്തിയിരുന്ന നമസ്ക്കാരം ഉപേക്ഷിച്ചു. മറിച്ച് ഞങ്ങളുടെ വീട്ടിൽ തന്നെ ജമാഅത്തായി നമസ്കരിക്കുമായിരുന്നു. പറയുന്നു, ആ കെട്ടിടം ഞാൻ വാടകക്ക് എടുത്തതായിരുന്നു. ഞങ്ങൾ അവിടെ നമസ്കരിക്കുന്നു എന്നത് കൊണ്ട് ആ കെട്ടിടവും ഉടമസ്ഥർ ഒഴിപ്പിച്ചു. പിന്നീട് ഞാൻ മറ്റൊരു കെട്ടിടം വാടകക്ക് എടുക്കുകയും ജമാഅത്തായി നമസ്കരിക്കാൻ തുടങ്ങുകയും ചെയ്തു. പറയുന്നു, ഈ കാലയളവിൽ പള്ളി നിർമ്മിക്കുന്നതിന്നായി റമദാൻ ശേഖ് എന്ന പേരുള്ള ഒരു അഹ്മദി മൂന്ന് കടകളുള്ള കുറച്ച് ഭൂമിവാങ്ങി. ഈ കാലയളവിൽ തന്നെ ഡോ.ബശാറത്ത് സാഹിബ് അഹ്മദിയും പ്രഫഷണൽ അസിസ്റ്റന്റ് സർജനായി അവിടെ വരുകയുണ്ടായി. ഡോക്ടർ സാഹിബിന്റെ വരവോട് കൂടി ജമാഅത്തിന് ഒരുപാട് ശക്തി ലഭിച്ചു. അദ്ദേഹം വളരെ ആവേശമുള്ള ആളായിരുന്നു. മഗ്രിബ്, ഇശാഅ്, ഫജർ എന്നീ നമസ്ക്കാരങ്ങൾ ജമാഅത്തായി കടയിൽ നമസ്കരിക്കുമായിരുന്നു. ഡോക്ടർ സാഹിബിനെ ഞങ്ങളുടെ ഇമാമാക്കുമായിരുന്നു. കടകൾ റോഡിനരികിൽ തന്നെയായിരുന്നു. യാതൊരു ഭയവുമില്ലാതെ കടകളിൽ വരികയും ജമാഅത്തിന് ഇമാമത്ത് വഹിക്കുകയും ചെയ്യുമായിരുന്നു. ഡോക്ടർ സാഹിബ് എല്ലായിപ്പോഴും തബ്ലീഗിൽ മുഴുകുമായിരുന്നു. ഈസാ (അ) വഫാത്തായി എന്ന് ഒരു തുണിയിൽ വലിയ അക്ഷരത്തിൽ എഴുതി കോട്ടിൽ ഒട്ടിച്ച് വിളംബരം ചെയ്ത് നടക്കണം എന്നാണ് എന്റെ ഹൃദയം ആഗ്രഹിക്കുന്നത് എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

ഹ: ശേഖ് അത്താവുള്ള സാഹിബ് പറയുന്നു. ഖാദിയാനിൽ നിന്ന് ബൈഅത്തിന്റെ അംഗീകാരം കത്തിലൂടെ ലഭിച്ചു. കൂടെ തന്നെ ജമാഅത്തിന്റെ കുറച്ച് സാഹിത്യങ്ങളും അൽഹക്കം പത്രവും ഞങ്ങൾക്ക് അയച്ച് തന്നിരുന്നു (അംഗീകാരത്തിന്റെ കൂടെ പത്രവും അയച്ച് കൊടുത്തിരുന്നു). അത് ഞങ്ങൾ പ്രചരിപ്പിച്ചു. ഞങ്ങളിൽ വിഷയം ചർച്ചയായി. ചർച്ചക്ക് ശേഷം എതിർപ്പ് വളരെയധികം രൂക്ഷമായി. എല്ലായിടങ്ങളിലും യോഗങ്ങൾ നടക്കാൻ തുടങ്ങി. ഞങ്ങളെ വലിച്ചിഴച്ച് അത്തരം യോഗങ്ങളിൽ കൊണ്ട് പോകുമായിരുന്നു. മിർസാ സാഹിബിന്റെ ശിഷ്യത്വത്തിൽ നിന്ന് തൗബ ചെയ്യാൻ നിർബന്ധിക്കുമായിരുന്നു. പറയുന്നു, ചില ബലഹീനരായിട്ടുള്ള ആളുകൾ വഴുതി വീഴാൻ തുടങ്ങി. ബുദ്ധിമുട്ടുകൾ അവർക്ക് സഹിക്കാൻ സാധിച്ചിരുന്നില്ല. അവരിൽ സ്ഥിരചിത്തത ഉണ്ടായിരുന്നില്ല. അവസാനം അവസ്ഥ വളരെയധികം പരിതാപകരമായി. ഹ: ഹാഫിസ് സൂഫി തസവ്വുർ ഹുസൈൻ സാഹിബും ശൈഖ് സഅദുല്ലാഹ് സാഹിബും, ഇദ്ദേഹം സൂഫിസാഹിബിന്റെ നേരിട്ടുള്ള ശിഷ്യനായിരുന്നു ഈ വിനീതനും ബാക്കിയായി. മറ്റുള്ളവരെല്ലാം തന്നെ ശത്രുക്കളുടെ സമ്മർദ്ദം സഹിക്കുന്നത് ഭയന്ന് മുർത്തദ്ദുകളായി. ആ മൂന്ന് പേരൊഴിച്ച് ബാക്കി എല്ലാവരും അഹ്മദിയ്യത്ത് ഉപേക്ഷിച്ചു. പീഢനങ്ങൾ സഹിക്കാൻ സാധിച്ചില്ല. എന്നാൽ ഞങ്ങൾ എല്ലാ പീഢനങ്ങളും സഹിച്ചു. സ്ഥിരചിത്തത പ്രകടമാക്കി. പറയുന്നു, സൂഫീസാഹിബിന് അല്ലാഹു സ്ഥിരചിത്തത നൽകുമാറാകട്ടെ. അദ്ദേഹം ഖാദിയാനിൽ എത്തി നുബൂവത്തിന്റെ പ്രകാശത്തിൽ നിന്ന് ഒരുഭാഗം സ്വായത്തമാക്കിയിരുന്നു. എന്നാൽ അല്ലാഹുവിന്റെ പ്രത്യേകമായ ഹിക്മത്തും ഉദ്ദേശ്യവും എന്റെ ഹൃദയത്തെ അദൃശ്യതയിൽ നിന്ന് പ്രകാശപൂരിതമാക്കി. സൂഫിസാഹിബ് ഖാദിയാനിൽ പോയി ഹ: മസീഹ് മൗഊദ് (അ)നെ കണ്ട് വന്നിരുന്നു. അദ്ദേഹത്തിന്റെ ഈമാൻ ദൃഢമായിരുന്നു. എന്നാൽ ഞാൻ ഇതുവരേയും പോയിരുന്നില്ല. എന്നാൽ അല്ലാഹു അനുഗ്രഹിച്ചു. എന്റെ ഹൃദയത്തെ പ്രകാശമാനമാക്കി. തന്റെ സാമീപ്യം കൊണ്ട് സഹായിച്ചു. എതിർപ്പ് എന്നിൽ ഒരു സ്വാധീനവും ചെലുത്തിയില്ല. അവരുടെ സമ്മർദ്ദം കൊണ്ട് ഞാൻ ഒതുങ്ങിയില്ല. മറിച്ച് എത്രത്തോളം അവർ ബലം പ്രയോഗിക്കുകയും, ഭയപ്പെടുത്തുകയും ചെയ്തിരുന്നോ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ഈമാൻ കൂടുതൽ ദൃഢമായികൊണ്ടിരുന്നു. ഏത് കാര്യത്തിൽ നിന്നാണ് നിങ്ങൾ തൗബ ചെയ്യിപ്പിക്കുന്നത് എന്ന് പറഞ്ഞ് അവരുടെ ആവശ്യവും തൗബയും ഞാൻ തിരസ്കരിക്കുമായിരുന്നു.

ഹ: മിയാൻ അബ്ദുൽ മജീദ് സാഹിബിന്റെതാണ് അടുത്ത രിവായത്ത്. പറയുന്നു, ഒരിക്കൽ ഉണ്ടായ സംഭവമാണ്. എതിരാളികൾ ഒരു വലിയ സമ്മേളനം നടത്തി വലിയ കോലാഹലങ്ങൾ ഉണ്ടാക്കി, വലിയ കുഴപ്പം സൃഷ്ടിച്ചു. അവരുടെ ലക്ഷ്യം ഈ വിനീതൻ മാത്രമായിരുന്നു. അതായത് മിയാൻ അബ്ദുൽ മജീദ് സാഹിബിനെയാണ് എല്ലാ ശത്രുക്കളും ഇരയാക്കിയിരുന്നത്. അവർ എനിക്കെതിരെ ഒരുപാട് പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. ഊരുവിലക്കിനെക്കുറിച്ച് പറഞ്ഞ് ഭീഷണിപ്പെടുത്തി. പോലീസിനെ വരെ എനിക്കെതിരിൽ പ്രകോപിപ്പിച്ചു. എന്നെ ഒരു കുഴപ്പക്കാരനും കലാപകാരിയുമായി ചിത്രീകരിച്ച് അജ്ഞരായ ജനങ്ങളെ എനിക്കെതിരിൽ പ്രകോപിപ്പിച്ചു. എന്റെ ജീവൻ തന്നെ അപകടത്തിലായി. ഈ അവസ്ഥകളുടെ സ്വാധീനം നിമിത്തം അല്ലാഹുവിന്റെ പെരുമാറ്റം ഏത് വിധത്തിലായിരുന്നു എന്നതിനെക്കുറിച്ച് പറയുന്നു. ഞാൻ ഒരു രാത്രി കാട്ടിലേക്ക് പുറപ്പെട്ടു. ഖിബ്ലക്ക് നേരെ തിരിഞ്ഞ് നിന്ന് കൈ ഉയർത്തി എന്റെ രീതി അനുസരിച്ച് ഹ: മസീഹ് മൗഊദ് (അ)നെ ഭാവനയിൽ കൊണ്ട് വന്ന് പറഞ്ഞു, ഹുസൂർ ഈ ഭയാനകാവസ്ഥയിൽ സഹായത്തിനും മാർഗ്ഗനിർദേശനത്തിനുമുള്ള ഒരു മാർഗ്ഗം നൽകിയാലും. എന്റെ അപേക്ഷയും ദുആയും വളരെയധികം വേദനയോടും ഉള്ളുരുക്കത്തോടും കൂടിയുള്ളതായിരുന്നു. വിലപിച്ചുകൊണ്ട് നേരിടേണ്ടി വന്നിരിക്കുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് പറഞ്ഞു. അല്ലാഹു എന്റെ വിലാപവും രോദനവും കേട്ടു. ഇവിടെ ഞാൻ ഒരു കാര്യം വിശദീകരിക്കാൻ ആഗ്രഹിക്കുന്നു. പീർമാരുടെ അടുത്ത് പോയി ചോദിക്കുക അല്ലെങ്കിൽ അവരെ ഇടനിലക്കാരാക്കുക അവർക്ക് സുജൂദ് ചെയ്യുക എന്ന രീതിയിലുള്ള ഒരു ശിർക്കിന്റെ അവസ്ഥയായിരുന്നില്ല ഇത്. എന്തായിരുന്നാലും ഇത് അദ്ദേഹത്തിന്റെതായ ഒരു രീതിയായിരുന്നു. ഹ: മസീഹ് മൗഊദ് (അ)നെ ഭാവനയിൽ കൊണ്ട് വന്നു എന്നിട്ട് ഈ അക്രമത്തിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തട്ടെ എന്ന് ആഗ്രഹിച്ചു. ഹ: മസീഹ് മൗഊദ് (അ)നോടല്ല, മറിച്ച് അല്ലാഹുവിനോട് തന്നെയായിരുന്നു ചോദിച്ചിരുന്നത് എന്ന കാര്യം അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ വ്യക്തമാക്കുന്നു. അല്ലാഹു എന്റെ വിലാപവും രോദനവും കേട്ടു എന്നാണ് അദ്ദേഹം പറഞ്ഞത്. ഹ: മസീഹ് മൗഊദ്(അ) നെ കൂട്ടി പറഞ്ഞത് കൊണ്ട് ഹ: മസീഹ് മൗഊദ്(അ) കേട്ടു എന്നല്ല പറഞ്ഞത്. പൊതുവിൽ നമ്മുടെ ഇവിടെ പീർമാരുടെ ഖബറുകളിൽ പോയിവന്ന് ഇന്ന ആൾ തങ്ങളുടെ

വിളികേട്ട് ഞങ്ങൾക്ക് ഇന്ന സാധനം നൽകി എന്നെല്ലാമാണ് പറയുന്നത്. അല്ലാഹു എന്റെ വിലാപവും രോദനവും കേട്ടു. രാത്രിയിൽ ഞാൻ ഈ ചിന്തയിലും വ്യകുലതയിലും ഉറങ്ങി. സ്വപ്നത്തിൽ ഞാൻ എന്താണ് കാണുന്നത്? എതിരാളികൾ എന്റെ വീട് വളഞ്ഞിരിക്കുന്നു. നാലുഭാഗത്ത് നിന്നും ശബ്ദം ഉയർത്തികൊണ്ടിരിക്കുന്നു. ഇയാളെ വധിച്ച് കളയുക. ഇതേസമയത്ത് സയ്യിദിനാ ഹ: മസീഹ് മൗഊദ് (അ) എനിക്ക് പ്രത്യക്ഷനായി തന്റെ അനുഗ്രഹീത കരങ്ങൾ കൊണ്ട് എന്റെ കൈ പിടിച്ചുകൊണ്ട് എന്റെ ദുഃഖം ആകാശത്തിലേക്ക് തിരിച്ചു. എന്നിട്ട് പറഞ്ഞു ആകാശത്തിലേക്ക് ഉയർന്നുപോവുക. അങ്ങനെ ഹസൂറിന്റെ വിശുദ്ധീകരിക്കാനുള്ള ശക്തിയുടെ സഹായത്താൽ എന്നെപ്പോലുള്ള ഒരു മനുഷ്യൻ ഭൂമിയിൽ നിന്ന് ഉയർന്ന് ആകാശത്തിലേക്ക് പോയി. എതിരാളികൾ തങ്ങളുടെ ഉദ്ദേശ്യത്തിൽ പരാജിതരായി. അത്ഭുതപ്പെട്ടുകൊണ്ട് നോക്കിയിരുന്നുപോയി. സ്വപ്നത്തിന് ശേഷം സന്തോഷത്താൽ ഞാൻ ഉണരുകയുണ്ടായി. നിശ്ചയമായും സയ്യിദിനാ ഹ: മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ പരിശുദ്ധനായ സത്യവാനായ ഒരു നിയോഗിതനാണ് എന്ന് എനിക്ക് വിശ്വസമുണ്ടായി. എന്നാൽ അടുത്ത ദിവസം രാവിലെ വീണ്ടും എതിരാളികളള്‍ എനിക്ക് ചുറ്റുംകൂടി. അപ്പോൾ ഞാൻ അവരോട് വളരെ വ്യക്തമായി തന്നെ പറഞ്ഞു. അല്ലാഹു തന്റെ ശക്തിപ്രഭാവം കൊണ്ട് എനിക്ക്  ശക്തി നൽകിയിരിക്കുന്നു. അഥവാ നിങ്ങൾ വാളുകൊണ്ട് എന്റെ ശരീരം പിച്ചിച്ചീന്തിയാലും ഈ ഹൃദയവും ഈ മുഖവും ഈ സത്യത്തിൽ നിന്ന് ഒരിക്കലും വ്യതിചലിക്കുന്നതല്ല.

പറയുന്നു, അടുത്ത രാത്രി വീണ്ടും സ്വപ്നത്തിൽ കണ്ടു. പോലീസും എന്റെ വീടിനെ വളഞ്ഞിരിക്കുന്നു. ശത്രുത അവസാനിക്കുന്നില്ല. ഇദ്ദേഹത്തിനെതിരിൽ മറ്റു ചിലർ തിരിഞ്ഞിരിക്കുന്നു. പോലീസുകാർ പറയുന്നു. ജനങ്ങളിൽ നിന്ന് ഇയാൾ രക്ഷപ്പെട്ടു. ഇയാൾ ഒരുതരത്തിലുള്ള കുഴപ്പവും അസമാധാനവും വ്യാപിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ഇനി ഭരണാധികാരികൾ അതിനെ തങ്ങളുടെ സംവിധാനത്തിലൂടെ അടിച്ചമർത്തും. അഥവാ ഇയാൾ ഇതിൽ നിന്ന് പിന്തിരിയുന്നില്ല എങ്കിൽ വധിച്ചുകളയും. പോലീസിന്റെ ഈ വിധത്തിൽ വീട് വളഞ്ഞത് കൊണ്ടും അക്രമണത്താലും ഞാൻ സ്വപ്നത്തിൽ ഒരുപാട് വിവശനായി. എന്നാൽ പെട്ടെന്ന് ഇന്നലെത്തെയെന്നപോലെ എന്റെ യജമാനൻ സയ്യിദ് ഹ: മസീഹ് മൗഊദ്(അ) എനിക്ക് പ്രത്യക്ഷനായി എന്നിട്ട് അതേപോലെ സ്നേഹത്തോടെ എന്റെ രണ്ട് കൈകളും പിടിച്ചു. എന്റെ മുഖം ആകാശത്തിന് നേരെ തിരിച്ചു. എന്നിട്ട് പറഞ്ഞു, ആകാശത്തിലേക്ക് ഉയർന്നു പോവുക. അങ്ങിനെ ഞാൻ കഴിഞ്ഞ ദിവസത്തെപോലെ ഭൂമിയിൽ നിന്ന് ആകാശത്തിലേക്ക് ഉയർന്നുപോയി. അങ്ങിനെ പോലീസിന്റെ അക്രമണത്തിൽ നിന്നും രക്ഷപ്പെട്ടു. അങ്ങിനെ സ്വപ്നത്തിൽ തന്നെ എന്റെ വിശ്വാസം ആഴ്ന്നിറങ്ങിയ ഇരുമ്പാണിപോലെ ശക്തവും പർവ്വതത്തിലെ പാറപോലെ ഉറച്ചതുമായി തീർന്നു. പ്രകാശപൂരിതനായ ഹുസൂറിന്റെ സത്യസാക്ഷ്യം ഹൃദയത്തിൽ രൂഢമൂലമായി. വിഛേദിച്ചാൽ വിഛേദിക്കപെടാത്ത വിധത്തിലും തകർത്താൽ തകരാത്ത വിധത്തിലുമായി അത് വളർന്നു. ഇനി ഇത് ആർക്കും തകർക്കാനോ മുറിച്ച് കളയാനോ സാധ്യമല്ല. (അൽഹമ്ദുലില്ലാഹ്.അൽഹമ്ദുലില്ലാഹ്. സുമ്മ അൽഹമ്ദുലില്ലാഹ്) പറയുന്നു. അപ്പോൾ ഈ ദൈവനിയോഗിതന്റെ സിയാറത്ത് കൊണ്ടും അനുഗ്രഹീതനാവണം എന്ന ഒരു ആവേശവും അഭിലാഷവും ഹൃദയത്തിൽ ഉണ്ടായി. (അതു വരെ അദ്ദേഹം കണ്ടിരുന്നില്ല.) അങ്ങിനെ ഞാൻ ഹുസൂറിന്റെ സമക്ഷത്തിലേക്ക് കത്തെഴുതി. അതിനു മറുപടിയായി ഹസൂർ എഴുതി. മിയാൻ അബ്ദുൽ മജീദ് എത്രയും പെട്ടന്ന് ഖാദിയാനിൽ വരിക. അല്ലാഹു ഈ വിധത്തിൽ ഈമാനെ ദൃഢമുള്ളതാക്കിത്തീർക്കുന്നു. ഈ അവസ്ഥ ഇന്നും ഒരുപാട് ആളുകളിൽ അല്ലാഹു ഉണ്ടാക്കുന്നുണ്ട്. എഴുതുന്നവർ എഴുതാറുണ്ട്.

ഹ: അമീർഖാൻ സാഹിബിന്റെ രിവായത്താണ്. അദ്ദേഹം തന്റെ സംഭവം എഴുതുന്നു ഞാൻ ബൈഅത്ത് ചെയ്തു. ദാറുൽ അമാൻ ഖാദിയാനിൽ നിന്ന് എന്റെ ഗ്രാമമായ എഹ്റാനയിൽ എത്തി. അവിടെ മെഹ്ത്താബ് ഖാൻ എന്ന ഒരു മുസ്‌ലിം ഉണ്ടായിരുന്നു. അയാൾ സ്വയം തന്നെ ഒരു വലിയ ആളായിട്ടാണ് മനസ്സിലാക്കിയിരിക്കുന്നത്. അല്പസ്വൽപം എഴുതാനും വായിക്കാനും സാധിക്കുന്നത് കൊണ്ട് താഴ്ന്ന കിടയിലുള്ള അഹങ്കാരമുണ്ടായി. വളരെക്കുറച്ച് മാത്രം എഴുതാനും വായിക്കാനും പഠിച്ച ആളായിരുന്നു. എല്ലാം അറിയുന്നവനാണ് എന്ന ഭാവമുള്ള ആളായിരുന്നു. അതായത് എല്ലാ കാര്യങ്ങളും തനിക്കറിയാം എന്ന ഭാവമാണുണ്ടായിരുന്നത്. എന്നെ എതിർക്കാനായി തുനിഞ്ഞിറങ്ങി. അസഭ്യവർഷത്തിൽ പരിധികൾ ലംഘിച്ചു തുടങ്ങി. എന്നാൽ ഞാൻ സഹനം കൈകൊണ്ടു. അവസാനം അയാളുടെ കുടുംബത്തിൽ പ്ലേഗ് പൊട്ടിപ്പുറപ്പെട്ടു. വളരെയധികം നാശമുണ്ടായി. മരുമകൻ, സഹോദരന്റെ ഭാര്യ, യുവാവായ ഏക മകൻ എല്ലാവരും പ്ലേഗിന്റെ ഇരയായിത്തീർന്നു. ഭക്ഷണം പാകം ചെയ്യാൻപോലും ആരും ഉണ്ടായിരുന്നില്ല. അയാളുടെ ഒരു മകളെ അടുത്ത ഗ്രാമത്തിലേക്ക് വിവാഹം കഴിച്ചയച്ചിരുന്നു. അവരുടെ അടുത്ത് പോയാണ് അയാൾ ദിവസവും ഭക്ഷണം കഴിച്ചിരുന്നത്. എന്നാൽ മകളുടെ ഭർത്താവിന്റെ വീട്ടിൽ ഭക്ഷണം കഴിക്കുക എന്നത് അയാളെ സംബന്ധിച്ചിടത്തോളം മരണത്തേക്കാൾ അപമാനമായിരുന്നു. മെഹ്ത്താബ് ഖാന്റെ പ്രായം ആ സമയത്ത് അറുപത് വയസ്സിൽ അല്പം കൂടുതലായിരിക്കും. അയാളുടെ സ്വത്ത് കേവലം ഒന്നര ഗുമാക്ക് മാത്രമായി. ഗുമാക്ക് എന്ന് പറയുന്നത് ഒരുതരത്തിലുള്ള അളവാണ്. ഒരു ദിവസം ഫജർ നമസ്കാരത്തിന് ശേഷം ഞാൻ ഒരു പള്ളിയിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിക്കുകയായിരുന്നു. അയാൾ എന്റെ അടുത്ത് വന്നു എന്നിട്ട് പറഞ്ഞു, എന്റെ അവസ്ഥ എന്താണെന്ന് നോക്കുക. കഅ്ബക്ക് നേരെ കൈ ഉയർത്തികൊണ്ട് പറഞ്ഞു. എനിക്ക് മിർസാ സാഹിബിനോട് യാതൊരു ശത്രുതയുമില്ല. ഈ അവസ്ഥയിൽ എത്തിയപ്പോഴാണ് അയാൾക്ക് മനസ്സിലായത്.

സഹാബാക്കളുടെ സ്ഥിരചിത്തതയുമായി ബന്ധപ്പെട്ട ഏതാനും സംഭവങ്ങളാണിത്. അല്ലാഹു ഹ: മസീഹ് മൗഊദ് (അ)ന് നൽകിയ ജമാഅത്ത് സ്ഥിരചിത്തതയിലും സ്ഥൈര്യത്തിലും ഇന്നും അസാധാരണമായ മാതൃക കാണിക്കുന്നവരാണ്. ഒരുപാട് കത്തുകൾ എനിക്ക് വന്നുകൊണ്ടിരിക്കുന്നു. പലരും എന്നോട് കൂടികാഴ്ച്ച നടത്തുമ്പോൾ തങ്ങളുടെ സംഭവങ്ങൾ കേൾപ്പിക്കുന്നു. ഈ മാതൃക കാണിക്കുന്നവരിൽ പുരുഷന്മാരോടൊപ്പം സ്തീകളുമുണ്ട്. ഹ: മസീഹ് മൗഊദ്(അ)ന്റെ വിശുദ്ധീകരിക്കാനുള്ള ശക്തികൊണ്ട് സഹാബാക്കളിൽ ഉണ്ടായിരുന്ന അഗ്നി അല്ലാഹുവാണ് ഇന്നും നിലനിർത്തിയിരിക്കുന്നത്. അല്ലാഹു ആ സഹാബാക്കളുടെ സ്ഥാനം ഉയർത്തുമാറാകട്ടെ, അവർ ഹ: മസീഹ് മൗഊദ് (അ)നെ സ്വീകരിച്ചു. സ്ഥിരചിത്തതയും സഹനവും കാണിച്ചു. അവരുടെ മക്കൾക്കും സ്ഥിരചിത്തത പ്രദാനം ചെയ്യുമാറാകട്ടെ. നമുക്കിടയിൽ ഇപ്പോൾ പ്രവേശിക്കുന്നവർക്കും, ഭാവിയിൽ പ്രവേശിക്കുന്നവർക്കും ഈമാനും ശക്തിയും ദൃഢതയും പ്രദാനം ചെയ്യുമാറാകട്ടെ.

സ്ഥിരചിത്തതയെ കൂടാതെ മറ്റു പല സംബവങ്ങളും ഞാൻ കേൾപ്പിക്കാം. അതിൽ അല്ലാഹു എപ്രകാരമാണ് സഹാബാക്കളെ അത്ഭുതകരമായി സംരക്ഷിച്ചത് എന്ന് കാണാവുന്നതാണ്. അവരോട് അല്ലാഹുവിനുണ്ടായിരുന്ന പെരുമാറ്റം പ്രത്യേക്ഷവിധത്തിലായിരുന്നു. തീർച്ചയായും ഇത് നമ്മെ സംബന്ധിച്ചിടത്തോളം ഈമാനീക വർദ്ധനവിന് കാരണമാകും.

ഹ: മിർസാ ബർക്കത്ത് അലി സാഹിബ് വിവരിക്കുന്നു. ഞാൻ 1905 ഏപ്രിൽ 4-ലെ ഭൂകമ്പത്തിൽ കാംഗഡ ജില്ലയിലെ ബാൻവു എന്ന

സ്ഥലത്ത് ധർമ്മശാലക്കടുത്ത് ഒരു കെട്ടിടത്തിന് അടിയിൽ പെട്ടുപോയി. വളരെ ബുദ്ധിമുട്ടിയാണ് എന്നെ പുറത്തെടുത്തത്. ആ അവസരത്തിൽ ദൃക്സാക്ഷി ബാബു ഗുലാബുദ്ദീൻ സാഹിബ് ഓവർസിയർ പെൻഷണർ ഞാൻ താമസിക്കുന്നിടത്ത് ഉദ്യോഗസ്ഥനായി നിയമിതനായിരുന്നു. അദ്ദേഹം ഇപ്പോൾ സിയാൽകോട്ടിൽ ജീവിച്ചിരിക്കുന്നുണ്ട്. ഈ സംഭവത്തിന് ഒന്ന് രണ്ട് മാസങ്ങൾക്ക് മുമ്പ് ഹ: മസീഹ് മൗഊദ് (അ) ഈ മഹാഭൂകമ്പത്തെക്കുറിച്ച് പ്രവചനം നടത്തിയിരുന്നു. പറയുന്നു, ഹ: മസീഹ് മൗഊദ് (അ) ആ പ്രവചനം വിവരിച്ചപ്പോൾ ഞാൻ സ്വയം ഖാദിയാനിൽ ഉണ്ടായിരുന്നു. ഹുസൂർ പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങൾ എടുത്തുകൊണ്ട് ഞാൻ ധർമശാലഛാവ്നിയിൽ എത്തി. ആ വിജ്ഞാപനങ്ങൾ ഒരുപാട് വ്യക്തികൾക്ക് വിതരണം ചെയ്തിരുന്നു. ഞാൻ അവിടെ ക്ളർക്കായാണ് ജോലിചെയ്തിരുന്നത്. പട്ടാളജോലിയിൽ എനിക്ക് അവധിയും ലഭിച്ചിരുന്നു. അതുകൊണ്ട് ഞാൻ ഇടക്കിടക്ക് മിർസാ റഹീംബേഗ് അഹ്മദിയെ കാണാൻ പോകുമായിരുന്നു. മിർസാ സാഹിബ് മുഗൾ സഹോദര കുടുംബത്തിലെ ഒരു വലിയ ആളായിരുന്നു. അദ്ദേഹത്തിന്റെ മറ്റു സഹോദരങ്ങൾ അഹ്മദികളായിരുന്നില്ല. പിന്നീട് അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും അദ്ദേഹത്തോടൊപ്പം അഹ്മദികളായി. ബാക്കി എല്ലാവരും അവരെ ശക്തമായി എതിർത്തിരുന്നു. അഹ്മദികളായിരുന്ന ഇവർ എല്ലാവരും സുരക്ഷിതരായിരുന്നു. മറ്റുചില അഹ്മദികളും അവിടെ താമസിക്കുന്നവരും മറ്റുസ്ഥലങ്ങളിൽ നിന്ന് അവിടെ എത്തിചേർന്നവരും ഈ ഭൂകമ്പത്തിന്റെ നാശത്തിൽ നിന്നും രക്ഷപ്പെട്ടു.

അദ്ദേഹം എഴുതുന്നു, എന്റെ ഊഹമനുസരിച്ച് അവിടെയുണ്ടായിരുന്ന 90% ജീവനും നഷ്ടപ്പെട്ടിരുന്നു. അത്രമാത്രം ഭയാനകമായ ഭൂകമ്പത്തിൽ ഞങ്ങൾ അഹ്മദികൾ എല്ലാവരും രക്ഷപ്പെട്ടു എന്നുള്ളത് ഒരു മഹത്തായ അടയാളമായിരുന്നു. പറയുന്നു, ഇതിന്റെ വിശദീകരണം എഴുതുകയാണെങ്കിൽ നിശ്ചയമായും അല്ലാഹുവിന്റെ സഹായം അഹ്മദികളോടൊപ്പമുള്ളത് എന്ന് എല്ലാ സത്യാന്വേഷികൾക്കും കാണാൻ സാധിക്കും. അതായത് സത്യം അറിയാൻ ആഗ്രഹിക്കുന്നവർ ഈ ഭൂകമ്പത്തിന്റെ സംഭവങ്ങൾ കേൾക്കുമ്പോൾ തീർച്ചയായും അല്ലാഹുവിന്റെ സഹായം അഹ്മദികളോടൊപ്പമുണ്ട് എന്ന് മനസ്സിലാക്കും. പറയുന്നു, എന്റെ ഭാര്യയും കുടുബവും,ഗുലാബ് ഖാൻസാഹിബിന്റെ ഭാര്യയും കുടുബവും, മിസ്ത്രി അല്ലാബക്ശ് സാഹിബ് സിയാൽ കോട്ടി, അദ്ദേഹത്തോടൊപ്പം ഗുലാം അഹ്മദ് മിസ്ത്രി, മറ്റ് അഹ്മദീ സഹോദരങ്ങൾ എല്ലാവരും ഈ ഭൂകമ്പത്തിന്റെ പിടുത്തത്തിൽ നിന്ന് രക്ഷപ്പെടാൻ കാരണമായ പ്രകൃതിപരമായ കാര്യങ്ങൾ വ്യതിരിക്ത തലത്തിൽ തന്നെ വ്യത്യസ്ഥങ്ങളായ ദൃഷ്ടാന്തങ്ങളാണ്. പ്രത്യേകിച്ച് മിസ്ത്രി ഇലാഹി ബക്ശ ്ഖാൻ സാഹിബിന്റെ ഒരു ദിവസം മുമ്പുള്ള അവിചാരിതമായ പുറപ്പെടൽ, എന്റെ കുടുംബത്തിന്റെ കുറച്ച് മുമ്പുള്ള സ്വദേശത്തേക്കുള്ള മടക്കം, ഭൂകമ്പത്തിന് മുമ്പ് ചില സഹോദരങ്ങളുടെ കടകളിൽ നിന്ന് പുറത്തിറങ്ങി നിൽക്കൽ, ഭൂകമ്പത്തിൽ അടിയിൽ പെട്ട് പോയിട്ടും അത്ഭുതകരമായ രീതിയിൽ പുറത്ത് വരൽ, എല്ലാം തന്നെ അടയാളമാണ്. അദ്ദേഹം എഴുതുന്നു, ഈ വിഷയത്തിൽ ഒരു വിശദമായ പുസ്തകമെഴുതാൻ എനിക്ക് ഉദ്ദേശ്യമുണ്ട്. എന്തായിരുന്നാലും ഈ അവസരത്തിൽ സംക്ഷിപ്തമായി ഒന്ന് രണ്ട് സ്ഥലങ്ങളെക്കുറിച്ച് സ്മരിച്ചിരിക്കുന്നു. അദ്ദേഹം രേഖപ്പെടുത്തിയ രീതിയിൽ അന്ന് ഹ: മസീഹ് മൗഊദ് (അ)മായി നടത്തിയ കൂടികാഴ്ച്ചയുമായി ബന്ധപ്പെട്ടതാണ്.

പറയുന്നു, ഈ ഭൂകമ്പത്തിനുശേഷം വിനീതൻ ഖാദിയാനിൽ ഹൂസൂറിന്റെ സമക്ഷത്തിൽ ഹാജരായി. ഹുസൂർ ആസമയത്ത് ബഹ്ശ്തീ മഖ്ബറയോട് ചേർന്ന തോട്ടത്തിൽ മാവിന്റെ തണലിൽ കൂടാരത്തിൽ ആയിരുന്നു താമസിച്ചിരുന്നത്. ഞാൻ ഹുസൂറുമായി മുലാഖാത്ത് നടത്തി. ഹുസൂർ എന്നെക്കുറിച്ച് ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു. താങ്കൾ കെട്ടിടത്തിന്റെ അടിയിൽ പെട്ടിട്ട് എങ്ങിനെയാണ് രക്ഷപ്പെട്ടുപോന്നത്. ഞാൻ ഹുസൂറിന്റെ സമക്ഷം പറഞ്ഞു. എന്നെ മിസ്ത്രി അല്ലാബക്ശ് അഹ്മദിയുടെ കട്ടിലാണ് രക്ഷപ്പെടുത്തിയത്. അത് ഒരു വലിയ ചുമരിനെ തടഞ്ഞുവെച്ചു. അങ്ങിനെ എനിക്ക് വലിയ ഭാരം താങ്ങേണ്ടി വന്നില്ല. ഇതേപോലെ ഹസൂർ ഓരോ അഹ്മദികളെക്കുറിച്ചും ചോദിച്ചു. ഞാൻ എല്ലാവരും സുരക്ഷിതരായതിനെ കുറിച്ച് സാക്ഷ്യം പറഞ്ഞു. എന്നാൽ ഭൂകമ്പത്തിൽ നമ്മുടെ ജമാഅത്തിലെ ഒരാൾപോലും നഷ്ടപ്പെടില്ല എന്ന് ഹുസൂർ ഇതിനുമുമ്പ് തന്നെ വിജ്ഞാപനത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഹുസൂറിന് അല്ലാഹുവിൽ നിന്ന് ഇതിനെക്കുറിച്ച് അറിവ് ലഭിച്ചിരിക്കും എന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്. അല്ലായെങ്കിൽ എനിക്ക് മുമ്പ് ധർമ്മശാലയിൽ നിന്നും ഒരഹ്മദിപോലും ഹുസൂറിന്റെ സമക്ഷത്തിൽ എത്തിയിരുന്നില്ല. ആദ്യമായി വന്നത് ഇദ്ദേഹമായിരുന്നു. ഇദ്ദേഹത്തിൽ നിന്നാണ് ഹ:മസീഹ് മൗഊദ്(അ) എല്ലാ വിശദവിവരവും മനസ്സിലാക്കിയത്. എന്നാൽ വിജ്ഞാപനത്തിൽ ഒരഹ്മദിയും നഷ്ടപ്പെടില്ല എന്ന് അവിടുന്ന് വിളമ്പരപ്പെടുത്തിയിരുന്നു. പറയുന്നു, കാംഗഡയിലെ ഭൂകമ്പത്തിന് ശേഷം ഹുസൂറുമായി വിനീതൻ മുലാഖാത്ത് നടത്തി. അതിൽ അഹ്മദികളുടെ രക്ഷപ്പെടൽ ഹുസൂർ ഒരു അടയാളമായി നിർണ്ണയിച്ചിരുന്നു. പ്രത്യേകിച്ച് ഭൂകമ്പത്തിന് അടിയിൽ പെട്ടതിന് ശേഷമുള്ള എന്റെ രക്ഷപ്പെടൽ ഒരു ദൃഷ്ടാന്തമാണ്. അത് നേരത്തേ തന്നെ ലിഖിതരൂപത്തിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നു. ഈ കണ്ണുകൾ കൊണ്ട് കണ്ട ദൃഷ്ടാന്തത്തിൽ പാഠം ഉൾകൊണ്ട് അല്ലാഹുവിന്റെ വരിഷ്ഠദാസനിൽ വിശ്വസിച്ചവർ അനുഗ്രഹീതർ.

ഹ: ചൗധരി അബ്ദുൽ കരീം സാഹിബ് വിവരിക്കുന്നു. അവിചാരിതമായി എന്റെ കൂടികാഴ്ച അഹ്മദിയ്യാ മൗലവി സദറുദ്ദീൻ സാഹിബുമായി നടന്നു.അദ്ദേഹം പട്ടണത്തിനകത്ത് ഒരു സ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരുന്നു. അദ്ദേഹം എനിക്ക് അൽഹഖം പത്രം വായിക്കാനായി തന്നു. അൽഹഖം പത്രത്തിന്റെ ആദ്യപേജിൽ അല്ലാഹുവിൽ നിന്നുണ്ടായ പുതിയ വഹ്‌യും ഇമാമുസ്സമാന്റെ പരിശുദ്ധവചനങ്ങളും എഴുതിയിട്ടുണ്ടായിരുന്നത് എനിക്ക് ഓർമ്മയുണ്ട്. രണ്ട് ഹെഡിങ്ങുകളാണ് ഉണ്ടായിരുന്നത്. പുതിയ വഹ്‌യുകളും ഇമാമുസ്സമാന്റെ പരിശുദ്ധവചനങ്ങളും. ആദ്യപേജിൽ ഈ രണ്ട് വിഷയങ്ങളാണ് ഉണ്ടായിരുന്നത്. പറയുന്നു, അത് വായിക്കുമ്പോൾ എന്റെ ഹൃദയത്തിൽ ഒരു പ്രത്യേക സ്നേഹവും ആകർഷണവും തോന്നുമായിരുന്നു. ഉടനെ തന്നെ ഹ:മസീഹ് മൗഊദ് (അ) ന്റെ പരിശുദ്ധ സംരക്ഷണത്തിൽ എത്താൻ ആഗ്രഹിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹമുണ്ടായി. അഹ്‌ലെ ഹദീസ് മൗലവിമാരുടെ പ്രകോപനവും വഴിപിഴപ്പിക്കാനുള്ള ശ്രമങ്ങളും ഉണ്ടായിട്ടും ഞാൻ കുറഞ്ഞ കാലം കൊണ്ട് തന്നെ സ്വീകരിച്ചു. മൗലവി ബദറുദ്ദീൻ സാഹിബ് എന്നോട് പെട്ടെന്ന് തന്നെ ഖാദിയാനിൽ പോകാൻ നിർദ്ദേശിച്ചു. എന്നോടൊപ്പം മറ്റൊരു അഹ്‌ലെ ഹദീസ് മൗലവിയും പോരാൻ തയ്യാറായി. അദ്ദേഹം അഹ്‌ലെ ഹദീസ് മൗലവി സുൽത്താൻ മുഹമ്മദ് സാഹിബിന്റെ പ്രത്യേക ശിഷ്യനായിരുന്നു. എഴുതുന്നു, ആ സമയത്ത് എന്റെ ശമ്പളം 15 രൂപ മാത്രമായിരുന്നു. ഒരു ദിവസത്തിന്റെ കാര്യമാണ്. ഞങ്ങൾ അവധിയെടുത്തു. റെയിൽവെ പാസ്സിനുള്ള അവകാശമുണ്ടായിരുന്നില്ല. ഞാൻ എനിക്കും സുഹൃത്തിനും അമൃത്സർ വരെയുള്ള ടിക്കറ്റ് എടുത്തു. ഞങ്ങളുടെ പക്കൽ ഖാദിയാനിലേക്കുള്ള മുഴുവൻ ടിക്കറ്റ്കൂലിയും ഉണ്ടായിരുന്നില്ല. അമൃത്സർ വരെയുള്ള ടിക്കറ്റ് എടുത്തപ്പോൾ ഞങ്ങളുടെ പണം തീർന്നു. ഞങ്ങൾക്ക് ബട്ടാലയിലേക്ക് പോകുന്ന വണ്ടിയിലാണ് യാത്ര ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഞങ്ങളുടെ പക്കൽ കേവലം എട്ടണമാത്രമാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് ഞങ്ങൾ ഈരണ്ട് അണക്ക് വീർ

വരെയുള്ള ടിക്കറ്റെടുത്തു. വണ്ടിയിൽ യാത്ര ചെയ്യാൻ തുടങ്ങി. വണ്ടി വീർ സ്റ്റേഷനിൽ എത്തിയപ്പോൾ ഞങ്ങളുടെ ടിക്കറ്റ് തീർന്നിരുന്നു. എന്നാൽ ഞങ്ങൾ വണ്ടിയിൽ നിന്ന് ഇറങ്ങിയില്ല. വണ്ടി യാത്ര തുടർന്നു. അടുത്ത സ്റ്റേഷനിലേക്ക് വണ്ടി പോയികൊണ്ടിരിക്കെ റെയിൽവേയുടെ ഒരു ഉദ്യോഗസ്ഥൻ ടിക്കറ്റ് പരിശോധനക്കാനായി വന്നു. എല്ലാ യാത്രക്കാരുടെയും ടിക്കറ്റ് പരിശോധിക്കാൻ തുടങ്ങി. ഞങ്ങളുടെ ടിക്കറ്റ് കഴിഞ്ഞ സ്റ്റേഷൻ വരെക്കും ആയിരുന്നു. ഞങ്ങളുടെ പക്കൽ പണവുമുണ്ടായിരുന്നില്ല. ഞങ്ങൾ രണ്ട് പേരും ഞങ്ങളുടെ അപമാനം ഓർത്ത് ഒരുപാട് വ്യാകുലപ്പെട്ടു. അല്ലാഹുവിന്റെ കോന്തല പിടിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. ഞങ്ങൾ രണ്ട്പേരും കൂടി അല്ലാഹുവിനോട് ദുആ ചെയ്തു. ഞങ്ങൾ നിന്റെ സത്യവാനായ മസീഹിന്റെ അടുത്ത് പോവുകയാണ്. ഞങ്ങളുടെ പക്കൽ ഒന്നും തന്നെയില്ല. നിന്റെ പ്രിയപ്പെട്ട മസീഹ്(അ) നുവേണ്ടി ഞങ്ങളുടെ തെറ്റ് മറച്ചുവെച്ചാലും. ഞങ്ങളെ അപമാനത്തിൽ നിന്ന് രക്ഷപ്പെടുത്തിയാലും. അല്ലാഹു ദുആ സ്വീകരിച്ചു. റയിൽവേ ഉദ്യോഗസ്ഥൻ ഞങ്ങളോട് ടിക്കറ്റ് ചോദിച്ചപ്പോൾ ഞങ്ങൾ കഴിഞ്ഞസ്റ്റേഷൻ വരെയുള്ള അതേ ടിക്കറ്റ്തന്നെ നൽകി. എനിക്ക് നല്ല വണ്ണം ഓർമ്മയുണ്ട്, അയാൾ ആ ടിക്കറ്റ് നല്ലപോലെ പരിശോധിച്ച് ഞങ്ങൾക്ക് തിരിച്ചുതന്നു. ഞങ്ങളോട് ഒന്നും തന്നെ പറഞ്ഞില്ല. അടുത്ത ബോഗിയിലേക്ക്പോയി. ഇത് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മുഅ്ജിസത്തായിരുന്നു. അല്ലാഹു തന്റെ സത്യവാനും പരുശുദ്ധനുമായ മഹ്ദിക്ക് വേണ്ടി ഞങ്ങളുടെ തെറ്റ് മറച്ചുവെച്ചു. ഞങ്ങളെ അപമാനത്തിൽ നിന്നും രക്ഷപ്പെടുത്തി. ഈ സംഭവം ഞങ്ങളുടെ ഈമാനീക വർധനവിന് കാരണമായി. ഹ:മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യം ഞങ്ങൾക്ക് സൂര്യനെപ്പോലെ വ്യക്തമായി. ബട്ടാലയിൽ ഇറങ്ങിയതിന് ശേഷം ഞങ്ങൾ കാൽനടയായി ഖാദിയാനിലേക്ക് യാത്ര തിരിച്ചു. ളുഹറിന്റെ സമയത്ത് ദാറുൽ അമാനിൽ എത്തി ചേർന്നു.

ഹ: അല്ലാഹ് ദത്ത സാഹിബ് ഹെഡ്മാസ്റ്റർ പറയുന്നു. അല്ലാഹു എന്നെ ആയിരക്കണക്കിന് മരണത്തിൽ നിന്നും ബുദ്ധിമുട്ടിൽ നിന്നും രക്ഷപ്പെടുത്തി. ഞാൻ പാമ്പുകളെ പിടിച്ചു, പാമ്പുകളെ ചവിട്ടി, എന്റെ മേൽ പാമ്പുകയറി, എന്നാൽ അല്ലാഹു എല്ലായിപ്പോഴും എന്നെ കഷ്ടിച്ച് രക്ഷപ്പെടുത്തി.

ഹ:മാസ്റ്റർ ദിലാവർഖാൻ സാഹിബ് (റ) വിവരിക്കുന്നു. അമൃത്സറിലെ സംഭവമാണ്. ഒരിക്കൽ ഇവിടെ പ്ലേഗ് അതിന്റെ മൂർദ്ധന്യാവസ്ഥയിലായിരുന്നു. ഞാൻ ഒരു ദിവസം സ്കൂളിൽ നിന്ന് വീട്ടിൽ വന്നപ്പോൾ എന്റെ ഭാര്യ വാതിൽക്കൽ നിൽക്കുകയായിരുന്നു. ഞാൻ ചോദിച്ചു. എന്താണ് കാര്യം? അവൾ പറഞ്ഞു, നമ്മുടെ വീട്ടിൽ എലി ചത്തുകിടക്കുന്നു. ഭയം പ്രകടിപ്പിച്ചു. ഞാൻ വളരെ ദൃഢവിശ്വസത്തോടെ പറഞ്ഞു. നമ്മുടെ ജമാഅത്ത് പ്ലേഗിൽ നിന്ന് സുരക്ഷിതമായിരിക്കും. യാതൊരുവിധ ഭയവും ഉണ്ടാകേണ്ടതില്ല. അതിനു ശേഷം ഞാൻ ചൂലെടുത്ത് വീട് വൃത്തിയാക്കി. അടുത്ത ദിവസവും അതു പോലെ തന്നെ സംഭവിച്ചു. എലിയോടൊപ്പം പുഴുക്കളും ഒരുപാടുണ്ടായിരുന്നു. ഞാൻ അത് വീണ്ടും വൃത്തിയാക്കി. നമ്മുടെ ജമാഅത്ത് ഇതിൽ നിന്നും സുരക്ഷിതമായിരിക്കും എന്ന് ഭാര്യയെ സമാധാനിപ്പിച്ചു. മുന്ന് നാല് ദിവസങ്ങൾക്ക് ശേഷം രാത്രി പന്ത്രണ്ട് മണിക്ക് എന്നോട് എന്റെ ഭാര്യ പറഞ്ഞു. എനിക്ക് പ്ലേഗിന്റെ വ്രണം ഉണ്ടായിരിക്കുന്നു. ഞാൻ സമാധാനിപ്പിച്ചു കൊണ്ട് ദൃഢവിശ്വാസത്തോടെ പറഞ്ഞു, ഭയപ്പെടേണ്ട. ഞാൻ രാവിലെ തന്നെ ഹദ്റത്ത് സാഹിബിന്റെ സമക്ഷം ദുആക്കായി കത്തെഴുതുന്നതായിരിക്കും. അങ്ങിനെ ഞാൻ രാവിലെ തന്നെ കത്ത് എഴുതി. എന്റെ അഭിപ്രായത്തിൽ ആ കത്ത് ഖാദിയാനിൽ എത്തുന്നതിന് മുമ്പായി തന്നെ ആ വ്രണം ഉണങ്ങി. എന്റെ ഭാര്യ പൂർണ്ണ ആരോഗ്യവതിയായി. അതിനു രണ്ട് മൂന്ന് ദിവസങ്ങൾക്ക്ശേഷം എന്റെ ഒരു വയസ്സ് പ്രായമായ മകൻ അബ്ദുൽ കരീമിനും വ്രണമുണ്ടായി. ഞാൻ വീണ്ടും ഹുസൂറിന്റെ സമക്ഷം ദുആക്കായി കത്തെഴുതി. വീട്ടുകാരെ സമാധാനിപ്പിച്ചു. അങ്ങിനെ ആ വ്രണവും സ്വയം ഇല്ലാതായി. ആ സമയത്ത് പ്ലേഗ് വളരെയധികം രൂക്ഷമായിരുന്നു. ദിവസവും 200, 250 ആളുകൾ രോഗം മൂലം മരിക്കുന്നുണ്ടായിരുന്നു. ഓരോ ദിവസവും മരിക്കുന്നവരുടെ കണക്ക് കമ്മിറ്റിയുടെ പക്കൽ ഉണ്ടാകുമായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് വിശദീകരിക്കട്ടെ, പ്ലേഗ് പടർന്ന് പിടിച്ചപ്പോൾ ഹ: മസീഹ് മൗഊദ് (അ)ചില മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. ഒരു പക്ഷെ അത് അദ്ദേഹത്തിന് ലഭിച്ചിരിക്കയില്ല. അല്ലെങ്കിൽ മനസ്സിലായിരിക്കില്ല. സഹാബാക്കൾ എല്ലായിപ്പോഴും അതനുസരിച്ച് പ്രവർത്തിക്കാൻ വേണ്ടി പരിശ്രമിക്കുന്നവരായിരുന്നു. എന്ത് അവസ്ഥയായാലും അവരിലേക്ക് വരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമായിരുന്നു. ഒരു പക്ഷെ ഈ സംഭവം ആ നിർദ്ദേശത്തിന് മുമ്പുള്ളതായിരിക്കാം. എന്തായിരുന്നാലും ഇത് ഈമാന്റെ ദൃഢതയാണ്. അല്ലാഹു ഇദ്ദേഹത്തിന്റെ ഈമാൻ മാത്രമല്ല ബലപ്പെടുത്തിയത്, മറിച്ച് ഇദ്ദേഹത്തിന്റെ ഭാര്യയുടെയും കുട്ടികളുടെയും ഈമാനും ബലപ്പെടുത്തി. എന്നാൽ ഹ: മസീഹ് മൗഊദ് (അ) നൽകിയ നിർദ്ദേശങ്ങൾ ഇതായിരുന്നു. എല്ലാ പ്രദേശങ്ങളിലും പ്ലേഗ് പടർന്ന് പന്തലിച്ചപ്പോൾ അവിടന്ന് ഒരിക്കൽ പറയുകയുണ്ടായി. ഇത് നമ്മുടെ കല്പനയാണ്. ലാഹോറിലെ ഏത് വീട്ടിലാണോ എലികൾ ചത്തത് അല്ലെങ്കിൽ ഏത് വീടിനടുത്താണോ രോഗമുള്ളത് ജനങ്ങൾ ആ വീട് ഉടനെ തന്നെ ഉപേക്ഷിക്കുന്നതായിരിക്കും ഉത്തമം. ഇത് ലാഹോറിന് വേണ്ടി മാത്രമാണിതെന്ന് ചില ആളുകൾ മനസ്സിലാക്കിയിരിക്കാം. ഏതായിരുന്നാലും ഇത് പൊതുവിലുള്ള ഒരു കൽപ്പനയാണ്. രോഗവും, സാംക്രമീക രോഗങ്ങളുമുള്ളപ്പോൾ അതിനെ തടയേണ്ടതാണ്. രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. പറയുന്നു, ഉടനെ വീട് ഉപേക്ഷിച്ച് പട്ടണത്തിന് പുറത്ത് തുറന്ന സ്ഥലത്തേക്ക് പേകേണ്ടതാണ്. കാരണം ഇത് അല്ലാഹുവിന്റെ കല്പനയാണ്. ഭൗതീക വസ്തുക്കളെ കൈ ഒഴിയാൻ പാടുള്ളതല്ല. വൃത്തിഹീനവും ഇടുങ്ങിയതും ഇരുണ്ടതുമായ വീട്ടിൽ താമസിക്കുന്നത് അല്ലെങ്കിലും നിരോധിച്ച കാര്യമാണ്. പ്ലേഗ് ഉണ്ടെങ്കിലും ഇല്ലെങ്കിലും എല്ലാ മാലിന്യങ്ങളിൽ നിന്നും വിട്ട് നിൽക്കേണ്ടതാണ്. വസ്ത്രം വൃത്തിയുള്ളതായിരിക്കണം, ഇവ നിർബന്ധകാര്യങ്ങളാണ്. ദുആയിലും ഇസ്തിഗ്ഫാറിലും മുഴുകിയിരിക്കേണ്ടതാണ്. തുടർന്ന് പറയുന്നു. ഹ: ഉമർ (റ)ന്റെ കാലഘട്ടത്തിലും പ്ലേഗ് ഉണ്ടായി. അവിടേക്ക് മുസ്ലീങ്ങളുടെ സൈന്യം പോയിരിക്കുകയായിരുന്നു. അവിടെ ശക്തമായ പ്ലേഗ് പുറപ്പെട്ടു. മദീനാ ശരീഫിൽ അമീറുൽ മുഅ്മിനീന് ഈ വാർത്ത എത്തി. ഉടനെ ആ പ്രദേശം ഉപേക്ഷിക്കുക, ഏതെങ്കിലും പർവ്വതത്തിന്റെ താഴ്‌വരയിൽ പോവുക എന്ന കൽപ്പന പുറപ്പെടുവിച്ചു. അങ്ങിനെ സൈന്യം അതിൽ നിന്നും സുരക്ഷിതരായി. ആ സമയത്ത് അല്ലാഹുവിന്റെ തഖ്ദീറിൽ നിന്ന് ഓടി പോവുകയാണോ? എന്ന് ഒരാൾ ആരോപണം ഉന്നയിച്ചു. പറഞ്ഞു, ഞാൻ ഒരു ദൈവീക തഖ്ദീറിൽ നിന്ന് മറ്റൊരു ദൈവീക തഖ്ദീറിലേക്ക് ഓടിപ്പോവുകയാണ്. അല്ലാഹുവിന്റെ തഖ്ദീറിന് പുറത്ത് ഏത് കാര്യമാണുള്ളത്. ഇത് പൊതുവിലുള്ള മാർഗ്ഗനിർദ്ദേശമാണ്. അറിഞ്ഞുകൊണ്ട് സ്വയം തന്നെ ബുദ്ധിമുട്ടിലാക്കാൻ പാടുള്ളതല്ല. പിന്നീട് അവിടുന്ന് പറഞ്ഞു. അല്ലാഹു രണ്ട് വാഗ്ദാനം തന്റെ വഹിയിലൂടെ എന്നോട് ചെയ്തിട്ടുണ്ട്. ഒന്ന് ഈ വീട്ടിൽ താമസിക്കുന്നവരെ പ്ലേഗിൽ നിന്ന് രക്ഷപ്പെടുത്തും. അവൻ ഇപ്രകാരം പറയുന്നു. **ഇന്നീ ഉഹാഫിളു കുല്ല മൻഫിദ്ദാർ** രണ്ടാമത്തെ അവന്റെ വാഗ്ദാനം നമ്മുടെ ജമാഅത്തിനെക്കുറിച്ചാണ്. **ഇന്നല്ലദീന ആമനു വലം യൽബിസു ഈമാനൻ ബി ദുൽമിൻ ഉലാഇക്ക ലഹുമുൽ അംനു വഹും മുഹ്ത്തദൂൻ** ആരാണോ വിശ്വസിക്കുകയും

തങ്ങളുടെ വിശ്വാസത്തോടൊപ്പം അക്രമം കൂട്ടി കലർത്താതിരിക്കുകയും ചെയ്തത്, അത്തരമാളുകൾക്ക് സമാധാനമുണ്ട്. അവർ തന്നെയാണ് നേർമാർഗ്ഗം സിദ്ധിച്ചവർ.

ഇതിൽ അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള വാഗ്ദാനമുണ്ട്. ആരാണോ പൂർണ്ണമായും നമ്മുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുന്നത് തങ്ങളുടെ ആന്തരീകമായിട്ടുള്ള ന്യൂനതകളുടേയും തെറ്റുകളുടേയും മാലിന്യം വൃത്തിയാക്കുന്നത്, തങ്ങളുടെ ആത്മാവിന്റെ പാപത്തിലേക്ക് കുനിയാതെ പോവുന്നത് ജമാഅത്തിലുള്ള അത്തരക്കാരെ രക്ഷപ്പെടുത്തുന്നതായിരിക്കും. ഒരുപാട് ആളുകൾ ബൈഅത്ത് ചെയ്ത് പോകുന്നു. എന്നാൽ തങ്ങളുടെ പ്രവർത്തി ശരിയാക്കി മാറ്റാറില്ല. കേവലം കൈയിൽ കൈവെച്ചതു കൊണ്ട് എന്താകാനാണ്. അല്ലാഹു ഹൃദയങ്ങളുടെ അവസ്ഥയെക്കുറിച്ച് അറിയുന്നവനാണ്. ഈ രണ്ട് കാര്യങ്ങളുള്ള വാഗ്ദാനമാണ് ഹ: മസീഹ് മൗഊദ്(അ)ന്റെത്. എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും രോഗങ്ങളുടെ മുസീബത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി എത്രത്തോളം നാം നമ്മുടെ ഈമാനിൽ പൂർണ്ണരാകാൻ പരിശ്രമിക്കുന്നുണ്ട് എന്ന് നോക്കേണ്ടതാണ്.

ഹ:മൗലവി സൂഫി അത്താമുഹമ്മദ് സാഹിബ്(റ) വിവരിക്കുന്നു. ഹ: മസീഹ് മൗഊദ് (അ)നെ കണ്ട് മുട്ടുക എന്നത് എന്നെ സംബന്ധിച്ച് ബുദ്ധിമുട്ടുള്ള ഒന്നായിരുന്നു. കാരണം അവധി ലഭിക്കുമായിരുന്നില്ല. ഹ: അഖ്ദസ് ജഹ്‌ലമിലേക്ക് വരുന്നത് അവിചാരിതമായി പത്രത്തിൽ വായിച്ചു. എനിക്ക് ജഹ്‌ലം വരെ പോകുവാനുള്ള അനുവാദം ലഭിക്കുമായിരുന്നില്ല. ഞാൻ വളരെയധികം അസ്വസ്ഥചിത്തനായി. വീട്ടുകാരോട് ഞാൻ പറഞ്ഞു. നാളെ ഞായറാഴ്ച്ചയാണ്. ഹ: സാഹിബ് ജഹ്‌ലമിലേക്ക് വരുന്നു. നിങ്ങൾ ആരോടും പറയരുത്, ഞാൻ പോവുകയാണ്. മൂന്ന് മൈൽ അകലെയായിരുന്നു സ്റ്റേഷൻ. വഴി വളരെ ദുർഘടം പിടിച്ചതായിരുന്നു. പകൽ പോലും ആ മാർഗ്ഗത്തിലൂടെ സഞ്ചരിക്കാൻ സാധിക്കുമായിരുന്നില്ല. ഞാൻ അല്ലാഹുവിൽ തവക്കുൽ ചെയ്തു യാത്രപുറപ്പെട്ടു. അവിചാരിതമായി ഒരു പ്രകാശം എന്റെ മുന്നിലൂടെ മുന്നോട്ട് പോയികൊണ്ടിരുന്നു. ഒരു പക്ഷെ മറ്റാരെങ്കിലും എവിടെയെങ്കിലും പോകുന്നതായിരിക്കും. അല്ലാഹുവിനെ സ്മരിച്ച് പർവ്വതങ്ങളിലൂടെയുള്ള വഴി ഓടി തരണം ചെയ്തു. സ്റ്റേഷനിൽ എത്തിയപ്പോൾ വണ്ടി പോകാൻ തയ്യാറായി നിൽക്കുകയായിരുന്നു. ടിക്കറ്റ് എടുത്ത് ജഹ്‌ലമിൽ എത്തി. ഹുസൂറിന്റെ സിയാറത്തിനാൽ അനുഗ്രഹീതനായി.

ഹ: മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി വിവരിക്കുന്നു. അന്ന് ഞാൻ തികച്ചും യുവാവായിരുന്നു. കപൂർത്തലയിൽ എനിക്ക് സ്വപ്നം ഉണ്ടായി. ഞാൻ ഒരു ആനയുടെ അടിയിൽ പെട്ടിരിക്കുന്നു. ആനയുടെ വയറ് എന്റെ മുകളിലാണ്. രാവിലെ അബ്ദുൽ മജീദ് ഖാൻ സാഹിബ് എന്നോട് പറഞ്ഞു. മൗലവി സാഹിബ് ഇന്ന് ബിയാസ് നദിയിൽ വെള്ളപൊക്കം ഉണ്ടായിരിക്കുന്നു. ഞങ്ങൾ ആനപ്പുറത്ത് കാഴ്ച്ചകൾ കാണുന്നതിന്നും ഉല്ലാസത്തിനുമായി നദിയിലേക്ക് പോകാൻ തയ്യാറായി നിൽക്കുകയാണ്. താങ്കളും ഞങ്ങളോടൊപ്പം വന്നാലും. ഞാൻ പറഞ്ഞു എനിക്ക് വരാൻ സാധ്യമല്ല. അതിന്റെ കാരണം ഇതാണ്. ഇന്ന് രാത്രി ഞാൻ വളരെ ഭയാനകമായ ഒരു സ്വപ്നം കണ്ടിരിക്കുന്നു. ഞാൻ ആനയുടെ അടിയിൽ പെട്ടിരിക്കുന്നു എന്നതാണ് ആ സ്വപ്നം. എന്നാൽ അദ്ദേഹം എന്റെ സ്വപ്നം കേട്ടിട്ടും തുടർച്ചയായി നിർബന്ധിച്ചുകൊണ്ടിരുന്നു. ഞാൻ തുടർച്ചായായി നിഷേധിച്ചുകൊണ്ടിരുന്നു. എന്റെ ഹൃദയത്തിൽ ഈ സ്വപ്നത്തെക്കുറിച്ച് വളരെ മോശമായ വീക്ഷണമാണ് ഉണ്ടായിരുന്നത്. ഖാൻ സാഹിബിൽ നിന്ന് നദിയിൽ പോകാൻ ആനപ്പുറത്ത് യാത്രചെയ്തു പോകണം എന്ന വാക്കുകൾ കേട്ടപ്പോൾ അദ്ദേഹം പറയുന്നു. ആനയുടെ പേര് കേട്ട് എന്റെ ഹൃദയത്തിൽ സ്വപ്നത്തിന്റെ ഭയാനകമായ സ്വാധീനമുണ്ടായി. പിന്നീട് ഞാൻ ശക്തമായി നിഷേധിച്ചു. കൂടെ പോകാൻ വിസമ്മതിച്ചു. പിന്നീട് ഖാൻ സാഹിബിന്റെ കൂടെ പോകാൻ മറ്റ് സുഹൃത്തുക്കളും നിർബന്ധിച്ചു. ആ സുഹൃത്തുകളുടെ അങ്ങേയറ്റം നിർബന്ധം ചെലുത്തൽ കാരണം വിധിച്ചിരിക്കുന്നത് ഇത് തന്നെയാണെന്ന് തോന്നുന്നു എന്ന് ഞാൻ വിചാരിച്ചു. എന്താണോ സംഭവിക്കുന്നത് അത് സംഭവിക്കുക തന്നെ ചെയ്യും. അങ്ങിനെ ഞാൻ താത്പര്യമില്ലാതെ അവരോടൊപ്പം പോകാൻ തയ്യാറായി. സുഹൃത്തുക്കൾ ഒരുപാട് ആനകളെ തയ്യാറാക്കി നിർത്തി. മൂന്നോ നാലോ ആനകൾ ഉണ്ടായിരുന്നു. അതിൽ ഈരണ്ട് പേർവെച്ച് യാത്ര തുടങ്ങി. എന്നെയും ഖാൻ സാഹിബ് തന്റെ കൂടെ ഒരു ആനയിൽ യാത്ര ചെയ്യിപ്പിച്ചു. നദിയിൽ എത്തിയപ്പോൾ ദൈവീക വിധി പ്രകടമായ നിലയിൽ ഈ സ്വപ്നം വെളിപ്പെടുത്തിയില്ല. എന്നാൽ ഇതിന്നായി മറ്റൊരു മാർഗ്ഗം അവലംബിച്ചു. ഞങ്ങൾ ആനകളിൽ നിന്ന് ഇറങ്ങി നദി നോക്കിക്കാണാൻ തുടങ്ങിയപ്പോൾ ഒരു യുവാവിനെ കാണുകയുണ്ടായി. നദിയുടെ പാലത്തിന് ഒരുപാട് ദ്വാരങ്ങൾ ഉണ്ടായിരുന്നു. അവൻ ഈ വെള്ളപ്പൊക്ക അവസരത്തിൽ പാലത്തിന്റെ മുകളിൽ നിന്നും നദിയിലേക്ക് ചാടി പാലത്തിലെ ഏറ്റവും അടുത്ത ദ്വാരത്തുലൂടെ കടന്ന് മറുവശത്ത് വന്നുകൊണ്ടിരുന്നു. എനിക്കും അല്പം നീന്തൽ അറിയാമായിരുന്നു. ഞാൻ പറഞ്ഞു സഹോദരാ നീ അടുത്തുള്ള ദ്വാരത്തിലൂടെയാണ് നീന്തുന്നത്. കുറച്ച് അകലെയുള്ള ദ്വാരത്തിലൂടെ നീന്തുന്നതാണ് വലിയ കാര്യം. അവൻ പറഞ്ഞു, നദിയിൽ ഒഴുക്ക് കൂടുതലാണ്. വെള്ളപൊക്കമാണ്. അതുകൊണ്ട് പാലത്തിന്റെ ദൂരെയുള്ള ദ്വാരത്തിലൂടെ കടന്ന് പോവുക എന്നത് ഇപ്പോൾ ബുദ്ധിമുട്ടുള്ളതാണ്. ഞാൻ പറഞ്ഞു നീന്തൽ അറിയാമെങ്കിൽ പിന്നെ എന്തിന് ഭയക്കണം. അവൻ ചോദിച്ചു താങ്കൾക്ക് നീന്തൽ അറിയാമോ? അൽപ്പസ്വൽപ്പമറിയാം. എന്നാൽ താങ്കൾ തന്നെ നീന്തികാണിച്ചു തന്നാലും. ഞാൻ പറഞ്ഞു, വളരെ നല്ലത്. ഞാൻ ലങ്കോട്ടിയുടുത്ത് പാലത്തിന്റെ ദ്വാരത്തിലൂടെ കടന്ന് പോകുന്നതിന്നായി നദിയിലേക്ക് ചാടി. അദ്യത്തെ തവണ ഞാൻ പാലത്തിന്റെ ദ്വാരത്തിലൂടെ സുഖമായി കടന്നുപോയി. രണ്ടാമത്തെ തവണ കൂടുതൽ ദൂരമുള്ള ദ്വാരത്തിലൂടെ കടന്ന് പോകുന്നതിന്നായി ചാടി. പാലത്തിന്റെ മുകളിൽ നിന്ന് ഞാൻ ചാടിയപ്പോൾ ഞാൻ ചാടിയ സ്ഥലത്ത് ആ സമയത്ത് വളരെ വലിയ ഒരു ചുഴിയുണ്ടായിരുന്നു. അവിടെ വെള്ളം ആട്ടുയന്ത്രം പോലെ വേഗത്തിൽ കറങ്ങുന്നുണ്ടായിരുന്നു. ഞാൻ വീണയുടനെ ആ ചുഴിയിൽ അകപ്പെട്ടു. അതിൽ നിന്നും പുറത്ത് വരാൻ എല്ലാ വിധത്തിലും പരിശ്രമിച്ചു. എന്നാൽ എന്റെ പരിശ്രമം പാഴ്‌വേലയായി പരിണമിച്ചു. അങ്ങിനെ ഞാൻ ആ ചുഴിയിൽ വെള്ളത്തിന്റെ അടിയിൽ പെട്ടുപോയി. ആ ചുഴിയിൽ നിന്നും പുറത്ത് വരൽ എന്നെ സംബന്ധിച്ചിടത്തോളം അസാധ്യമായതായി തീർന്നു. എന്റെ നേരിടാനുള്ള ശക്തി മുഴുവൻ പാഴായി കൊണ്ടിരുന്നു. രണ്ട് മൂന്ന് മിനിറ്റിനകം എന്റെ ജീവിതവ്യവസ്ഥ തകർന്ന് തരിപ്പണമായി തീർന്നു. എന്റെ കാര്യം പൂർത്തിയാകും എന്ന് ഞാൻ വിചാരിച്ചു. അപ്പോൾ എന്റെ ഈ അവസ്ഥ എല്ലാവരും പാലത്തിന്റെ മുകളിൽ നിന്നും കാണുന്നുണ്ടായിരുന്നു. അവർ ശബ്ദമുണ്ടാക്കാൻ തുടങ്ങി. മൗലവി സാഹിബ് ചുഴിയിൽ അകപ്പെട്ടുപോയി, അവസാന ശ്വാസം വലിക്കാൻ പോവുകയാണ്. ആ സയത്ത് വിധിയുടെ അത്ഭുതപ്പെടുത്തുന്ന പ്രവർത്തനം കാട്ടിതന്നു. സഹോദരങ്ങൾ കരയുകയും ശബ്ദമുണ്ടാക്കുകയും ചെയ്ത്കൊണ്ടിരുന്നു. ഞാൻ മുങ്ങിപ്പോവുകയാണ്, അവർക്ക് ഇക്കാര്യം ആലോചിക്കാൻ സാധിച്ചില്ല. തലപ്പാവ് ഊരി എനിക്ക് ഇട്ട് തരികയായിരുന്നെങ്കിൽ ഞാൻ ആ തലപ്പാവിന്റെ അറ്റത്ത് പിടിച്ച് രക്ഷപ്പെടാനുള്ള എന്തെങ്കിലും മാർഗ്ഗം കണ്ടെത്തുമായിരുന്നു. എന്നാൽ ഈ ചിന്ത ആർക്കുമുണ്ടായില്ല. ഭൗതീക വസ്തുക്കളിൽ പൂർണ്ണമായും നിരാശനായ അവസ്ഥയായിരുന്നു അപ്പോൾ എന്റേത്.

എന്റെ ജീവിതം ഏതാനും നിമിഷങ്ങൾ കൊണ്ട് അവസാനിക്കാൻ പോകുന്നതായിട്ടാണ് തോന്നിയിരുന്നത്. ഞാൻ അവസാനശ്വാസം വലിക്കുകയാണ്. ഈ അവസരത്തിൽ വിധി മറ്റൊരു രൂപം കാണിച്ചു. ഭൗതീക വസ്തുക്കളുടെ സൃഷ്ടാവായ അല്ലാഹു, ഹ: മസീഹ് മൗഊദ്(അ) ന്റെ ബർക്കത്തിന്റെ ഫലമായി ആരുടെ അനുവാദത്തോടും നിർദ്ദേശം കൊണ്ടുമാണോ ഞാൻ കപൂർത്തലയിലേക്ക് യാത്രതിരിച്ചത് എന്റെ രക്ഷക്കായി ഒരു പുതിയ ശക്തി പ്രഭാവം പ്രകടമായി. അത് ഇപ്രകാരമാണ്. ഞാൻ അകപ്പെട്ട ചുഴിയിൽ ഞാൻ മുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. ഇടക്ക് മുകളിലും ഇടക്ക് താഴെയും പോയികൊണ്ടിരിക്കുന്നു. ഇടക്ക് എന്റെ തല വെള്ളത്തിന് മുകളിലും ഇടക്ക് വെള്ളത്തിന് പുറത്തും കാണാമായിരുന്നു. സംഭവിച്ചു കൊണ്ടിരുന്നതെല്ലാം എന്റെ കഴിവിന് അതീതമായിരുന്നു. ആ അവസരത്തിൽ വെള്ളവും അതിന്റെ മുഴുവൻ ശക്തിയോടും കൂടി എന്നിൽ ആധിപത്യം സ്ഥാപിച്ചിരുന്നു. അവിചാരിതമായി ഒരു ശക്തമായ കൈ എന്നെ ആ ചുഴിയുടെ കറക്കത്തിൽ നിന്നെടുത്ത് ശക്തമായി ദൂരെക്കെറിഞ്ഞു. അല്ലാഹുവിന്റെ ശക്തിപ്രഭാവം കൊണ്ട് മാത്രം നദിക്ക് അരികിലുണ്ടായിരുന്ന ഒരു വലിയ മരത്തിന്റെ നദിയിലേക്ക് വീണുകിടക്കുന്ന ഒരു ശാഖ എന്റെ കൈകളിൽ ലഭിച്ചു. അങ്ങിനെ ഞാൻ ശാഖയിൽ പിടിച്ച് ദീർഘനേരം വിശ്രമിക്കുന്നതിനായി അവിടെ നിന്നു. പിന്നീട് കേവലം അർഹമുറാഹിമീന്റെ അനുഗ്രഹം കൊണ്ട് ഞാൻ സുരക്ഷിതനായി നദിക്ക് പുറത്തെത്തി. ആ സമയത്ത് എനിക്ക് ആ സ്വപ്നവും അതിന്റെ വ്യാഖ്യാനവും കൺമുന്നിൽ വന്നു. സ്വപ്നത്തിൽ ആനയുടെ അടിയിൽ വരുന്നതിന്റെ വ്യാഖ്യാനം ആനക്ക് പകരം മറ്റെന്തെങ്കിലും വസ്തുവിലൂടെ വിധി എന്നിൽ പ്രകടമാക്കും എന്നെനിക്ക് മനസ്സിലായി. ഈ യാത്രയിൽ ആനയുടെ പുറത്ത് യാത്ര ചെയ്താണ് വന്നത്. എന്നാൽ സ്വപ്നത്തിന്റെ ഭയപ്പെടുത്തുന്ന വശം ആനയുടെ സ്ഥാനത്ത് നദിയായിരിക്കുന്നു. രണ്ടാമത്തെ കാര്യം ചുഴിയിൽ നിന്നുള്ള എന്റെ രക്ഷപ്പെടൽ ഹ: മസീഹ് മൗഊദ്(അ)ന്റെ ബർക്കത്ത് കൊണ്ടാണ് സംഭവിച്ചതെന്ന് എനിക്ക് മനസ്സിലായി. കാരണം അവിടത്തെ അനുവാദത്താലും നിർദ്ദേശത്താലുമാണ് എന്റെ കപൂർത്തലയിലേക്കുള്ള വരവ്. ജമാഅത്തിനെ സേവിക്കുന്നതിന്നായി തബ്‌ലീഗ് പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനുമായി. ഈ കാരണം കൂടിയാണ് ഞാൻ നാശത്തിൽ നിന്ന് രക്ഷപ്പെട്ടത്. അതല്ലായെങ്കിൽ ഭൗതീക വസ്തുക്കളുടെ കാര്യത്തിൽ അവസ്ഥ തികച്ചും നിരാശാജനകമായിരുന്നു.

ഈ സംഭവങ്ങൾ സഹാബാക്കളുടെ ഈമാനീക അവസ്ഥയും ഹ: മസീഹ് മൗഊദ്(അ)ലുമുള്ള വിശ്വാസവും പ്രകടമാക്കുന്നതാണ്. ഇത് വിവരിച്ച മൗലവി സാഹിബ് ഏതെങ്കിലും വിധത്തിലുള്ള ഒരു ഭൗതീക വ്യക്തിയായിരുന്നെങ്കിൽ അത് ഒരു അവിചാരിത സംഭവമായി കണക്കാക്കുമായിരുന്നു. നദി എന്നെ പുറത്തേക്ക് ഒഴുക്കിവിട്ടു എന്ന് പറയുമായിരുന്നു. എന്നാൽ മൗലവി സാഹിബിന്റെ ദീനിന് വേണ്ടിയുള്ള യാത്രയും ഹ: മസീഹ് മൗഊദ് (അ) ന്റെ ദുആയും ഇതിന് കാരണമായി പറയുന്നു. ഈ ഈമാനീക അവസ്ഥയാണ് നമ്മളിൽ എല്ലാവരിലും ഉണ്ടാവേണ്ടത്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീക്ക് നൽകുമാറാകട്ടെ.

## PRINTED BOOKS

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 April 20 at : Baitul Futuh London
Translation: C.P. Sulthan Naseer Mob: 09544274240

Typing: Muhiyudheen,Ayirapuram
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**